PRESIDENT. Order, order. The honourable members will hand the list to the Secretary if they want to participate in the debate so that they may be called upon one after another. The whole point is there are a large number of persons who have given cut motions. It might be that some persons who want to speak on the other side cannot be called upon if they are called upon one by one. I would therefore suggest that the honourable members who think that they have something definite to say will give their names to the Secretary. Then if I find the number is manageable I will try and call them. My general rule is to call them from one side and then from the other.

MR. NILAKANTAN: ഞങ്ങളുടെ പ്രത്യേക നിയോജകമണ്ഡലങ്ങളെക്കുറിച്ച് ചില പ്രത്യേക കാര്യങ്ങൾ പറയേണ്ടതുണ്ട്. അതിനു സന്ദർഭം തരാതെയിരിക്കുന്നതു് . . . . . .

MR. J. T. MORAES (*Neyyattinkara* cum *Trivandrum*): The time for eachspeaker may be limited very strictly.

PRESIDENT: Order, order. In the course of the last two days, excepting in the case of three honourable members whose names I have noted, I have not allowed more than ten minutes to any honourable member moving the motion or speaking on it. As a general rule, the member who moves a motion can talk only for ten minutes.

LIBRARY ARCHIVES Kerala Legislative Assembly

Others can speak for five minutes. What I find is that there are 35 members who wish to speak. I have no objection to undertake to call all of them. Those who have not till now participated in the debate will be called now, and the others later.

MR P. M VARGHESE: സർ, പാറ്റൂർ മുതൽ കന്യാകുമാരിവരെ നോക്കുകയാണെങ്കിൽ മെയിൻറോഡു ഒഴിച്ചു ബാക്കി എല്ലാംതന്നെ ഉപയോഗശൂന്യമായി തീർന്നിട്ടുണ്ടെന്നുള്ളതു് വേറും ഒരു പരമാർത്ഥം മാത്രമാണു്. അതു് മുൻകാലങ്ങളിൽ, നാട്ടുകാരുടെ സഹകരണത്താടുകൂടിയാണെങ്കിലും, ഒരുവിധം വളരെ ഭംഗിയായി കിടന്നിരുന്നതാണു്. എന്നാൽ ഇപ്പോൾ അതു് ഇത്രമാത്രം മോശമായിത്തീരുന്നതിനുള്ള കാരണം ഒന്നുകിൽ ഡിപ്പാർട്ടുമെൻറിന്റെ കായ്ക്ഷമതക്കുറവുണ്ടായിരിക്കണം; അല്ലെങ്കിൽ പബ്ലിക്കിന്റെ സഹകരണക്കുറവുണ്ടായിരിക്കണം. ഇതിൽ ഏതാണെന്നു നിശ്ചയിക്കേണ്ട ഒരു ഉന്നതലയംകൂടി ഈ സഭയ്ക്കു ഉണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഈ വീഴ്ചയ്ക്കുള്ള പ്രധാന കാരണങ്ങളിൽ ഒന്നു് ഇപ്പോൾ പബ്ലിക്കു് വർക്സു ഡിപ്പാർട്ടുമെൻറിന്റെ കൺട്രാക്ടർമാർക്കു് അനുവദിച്ചിട്ടുള്ള റേറു് പഴയ റേറായതുകൊണ്ടാണെന്നാണു് എനിക്കു ആദ്യമായി പറയാനുള്ളതു്.

PRESIDENT: Are they the old rates?

DEWAN BAHADUR L. VENKATAKRISHNAN: No. Sir.

MR. P. M. VARGHESE: ഒരു ശതമാനം കൂടുതൽ കൂലി അനുവദിച്ചിട്ടുണ്ടെന്നു എനിക്കറിയാം. ഇതു് ഇന്നത്തെ വിലക്കുടുതലിനെ വച്ചു നോക്കുമ്പോൾ തീരെ നിസ്സാരമാണു്. മുമ്പു് അരിക്കു് ഏഴുരൂപാ വിലയുണ്ടായിരുന്നതു് ഇന്നു്, നല്ലതു രൂപായോളം ആയിട്ടുണ്ടു്. അതു വച്ചുനോക്കുമ്പോൾ ഒരു കൂലിക്കാരനു് മുമ്പു് നാലണ ഉണ്ടായിരുന്നെങ്കിൽ, ഇന്നു് രണ്ടരൂപാ കൊടുത്താൽ മാത്രമേ വേലചെയ്യുകയുള്ളു. അതുകൊണ്ടു കൂടുതൽ കൂലികൊടുക്കേണ്ട കാലമായതു് അപ്രകാരം കൊടുക്കാതെ ഒരു വേലക്കാരനും വേലയ്ക്കു വരികയില്ല. ജോലിചെയ്യുന്നതിനു് ആളുണ്ടെങ്കിലും കൂടുതൽ കൊടുത്തു ജോലിക്കാരെ കിട്ടുന്നില്ല എന്നുള്ളതാണു് പ്രധാനമായ ആക്ഷേപം. ഇതു് എനിക്കുതന്നെ അനുഭവപ്പെട്ടിട്ടുള്ള കാര്യമാണു്. കൊടുപുഴ നല്ല നിലയിൽ കിടന്നിരുന്ന റോഡുകൾ എല്ലാം ഇന്നു മോശമായിരിക്കുകയാണു്. ചില റോഡുകളിൽക്കൂടി നടക്കാൻപോലും പ്രയാസമാണു്. ഇതിനു പ്രധാനകാരണം പി. ഡബ്ലിയു. ഡിയിൽനിന്നും കൊടുത്തുവരുന്ന കൂലിക്കുറവാണു്. രണ്ടാമതായുള്ളതു് ബഹുമാനപ്പെട്ട മെംബർ ചീഫ്

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. M. Varghese.]

എൻജിനീയർ പറഞ്ഞതുപോലെ അദ്ദേഹവും അദ്ദേഹത്തിന്റെ കീഴിലുള്ള സഹപ്രവർത്തകന്മാരും തമ്മിലുള്ള സഹകരണക്കുറവാണെന്നാണ് എനിക്കു തോന്നുന്നത്. അങ്ങനെ സഹകരണക്കുറവുണ്ടെന്ന് ഈ സഭയിൽ അദ്ദേഹം പ്രസ്താവിച്ചപ്പോൾ മാത്രമാണ് എനിക്കു അതു മനസ്സിലാക്കാൻ സാധിച്ചതു്.

സർ, ഇങ്ങനെ ഒരു ഡിപ്പാർട്ടുമെന്റദ്ധ്യക്ഷനും അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാരും തമ്മിൽ സഹകരണക്കുറവുണ്ടെന്നുവന്നാൽ, ഒന്നുകിൽ കീഴുദ്യോഗസ്ഥന്മാരെ മാറ്റണം; അല്ലെങ്കിൽ അദ്ധ്യക്ഷനെ മാറ്റണം. ഇതിൽ ഏതാണ് ക്ഷിപ്രതൽ പ്രായോഗികമെന്നു ആലോചിക്കേണ്ടതു് നമ്മുടെ ചുമതലയാണ്.

MR. P. K. KURIAKOSE: അദ്ധ്യക്ഷനെന്നു പറഞ്ഞതു ആരെയാണ്? ഡിപ്പാർട്ടുമെന്റദ്ധ്യക്ഷനേയോ, സഭയുടെ പ്രസിഡന്റിനേയോ?

PRESIDENT: It does not matter much.

MR. P. M. VARGHESE: ഡിപ്പാർട്ടുമെന്റദ്ധ്യക്ഷനെ.

ഡിപ്പാർട്ടുമെന്റദ്ധ്യക്ഷന്റെ കഴിവുകുറവിനെപ്പറ്റി എനിക്ക് ഒരഭിപ്രായവ്യത്യാസവും ഇല്ല. അദ്ദേഹം നല്ല ഒരു ഉദ്യോഗസ്ഥനാണ്. ജോലിചെയ്യുന്നതിനു യഥാർത്ഥത്തിൽ പ്രാപ്തിയുള്ള ആളാണ് അദ്ദേഹമെന്നു് എനിക്കുതന്നെ അനുഭവപ്പെട്ടിട്ടുണ്ടു്. എന്നാൽ അങ്ങനെ പ്രാപ്തിയുള്ള ആളായതുകൊണ്ടാണോ അദ്ദേഹത്തിന്റെകീഴിലുള്ള ഉദ്യോഗസ്ഥന്മാർ എല്ലാവരുംതന്നെ അദ്ദേഹത്തോടു നിസ്സഹകരിക്കാമെന്നു വച്ചതു് എന്നു് എനിക്കറിഞ്ഞുകൂടാ. ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരുടെ, അല്ലെങ്കിൽ ജനങ്ങളുടെ ഒരു സ്വഭാവവിശേഷമാണ് ഇതു് എന്നുപോലും അദ്ദേഹം ചിലപ്പോൾ രഹസ്യമായി വ്യക്തികളോടു സംഭാഷണം ചെയ്യുമ്പോൾ പറഞ്ഞിട്ടില്ലേ എന്നുകൂടി ഞാൻ സംശയിക്കുന്നു. എങ്ങനെയായാലും ഒന്നുകിൽ ഡിപ്പാർട്ടുമെന്റദ്ധ്യക്ഷനെ നമുക്കു വേണ്ടെന്നു വയ്ക്കണം; അല്ലെങ്കിൽ കീഴുദ്യോഗസ്ഥന്മാരെ നീക്കി പുതിയ ആളുകളെ നിയമിക്കണം. ഏതാണ്ടു് വേണ്ടതെന്നു നാം തീരുമാനിക്കണം.

PRESIDENT: Order, order. The House will now adjourn and meet again at 2 P. M. and re-assembled at 2 0' clock with the Dewan-President in the Chair. The House adjourned for lunch at 1 P. M.

MEMBER SWORN.

MR. T. C. KOCHUNNI PILLAI (Director of Agriculture.)

MR. P. M. VARGHESE: സർ, ചീഫ് എൻജിനീയർ അവർകളേയോ അദ്ദേഹത്തിന്റെ കീഴ് സിൽബന്ധികളേയോ ആരെയാണ് പിരിച്ചുവി

LIBRARY ARCHIVES Kerala Legislative Assembly

ടുന്നതെന്നുള്ള പ്രശ്നമാണ് ഞാൻ നോട്ടീസ് തന്നിട്ടുള്ളത്. ഇരുകൂട്ടരും ഒന്നുപോലെ കുറ്റം അർഹിക്കുന്നവരാണ്. ചില കാര്യങ്ങൾ ആലോചിച്ചു നോക്കിയാൽ ചീഫ് എൻജിനീയരെ പറഞ്ഞയയ്ക്കുന്നതിനു ന്യായം ഞാൻ കാണുന്നില്ലെങ്കിലും മറ്റു ചില കാര്യങ്ങൾ നോക്കിയാൽ അദ്ദേഹത്തെ ഉടൻതന്നെ പറഞ്ഞയയ്ക്കാതിരിക്കുന്നതിനും ന്യായംകാണുന്നില്ല.

PRESIDENT: Order, order. I have received exactly 35 names. Therefore, I propose to call 35 honourable members and I severely insist on the rule of five minutes each to every member. I shall call upon them in accordance with the party to which they belong. There are the Nationalist Party, the Peoples' Party, the State Congress Party, etc.

SAHIB BAHADUR K. A. MUHAMED: May I know whether these 35 names are given individually?

PRESIDENT: This is the individual list. There are ten people from the Nationalist Party, about ten from the Peoples' Party, eight from the State Congress Party and eleven from other parties. Yes, Mr. Varghese.

MR. V. SRIDHARAN PILLAI: (*Kalkulam* cum *Vilavancode*): I came a little late and. ...

PRESIDENT: You want to include some other names.

MR. V SRIDHARAN PILLAI: Yes Sir.

PRESIDENT: Very well Mr. Varghese.

MR. P. M. VARGHESE: സർ, ഈ കാര്യത്തെപ്പറ്റി ഒരു പ്രസംഗം ഞാൻ ചെയ്യുന്നതിനുമുമ്പ് പി. ഡബ്ലിയു. ഡി. യുടെ ജോലി നിർവഹിക്കുന്നതിന്, സ്ഥായിയായ പ്രവർത്തനത്തിന്, തടസ്സമായിത്തീർന്നിരിക്കുന്നതു പി ഡബ്ലിയു ഡി. അസൈ്വസറിക്കമ്മറിയാണെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഏവിടെയോ കുഴപ്പമുണ്ടെന്നുള്ളതു പരമാർത്ഥമാണ്. ഈ കമ്മറിക്കാർ തമ്മിൽതന്നെ സഹകരണമില്ലെന്നുള്ളതായിരിക്കും ഇതിനു കാരണം. ഈ കമ്മറിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരും നാമിനേറ്റഡും ആയുള്ള മെമ്പറന്മാർ വരുന്നു. ഞങ്ങളെല്ലാവരും ഒന്നുപോലെ സഭയുടെ അവകാശങ്ങൾക്ക് അർഹരാണ്. മെമ്പറന്മാർക്ക് തങ്ങളിൽ വ്യത്യാസമൊന്നുമില്ല, ഏതും മറ്റും അല്ലെന്നു ക്ഷണം തന്നെ പ്രസ്താവിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഈ സഭയിലെ സ്പെഷ്യൽ കമ്മറിക്കും അസൈ്വസറി ബോർഡുകൾക്കും നാമിനേറ്റ് ചെയ്യുന്നതെന്തിനെന്നാണ് ഞാൻ ചോദിക്കുന്നതു. യഥാർത്ഥത്തിൽ ഈ സഭയുടെ അന്തസ്സിനെ പാലിക്കണമെങ്കിൽ എല്ലാ കമ്മറികളിലും അംഗങ്ങൾ നിസ്സഹകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

സർ, പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിന്റെ ജോലി ശരിയായി നിർവഹിക്കാതിരിക്കുവാൻ വേറെ ഒരു കാരണം, ഇവിടെ പലരും

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. M. Vargese]

പറഞ്ഞ പോലെ, ഏറോഡ്രോം പണിയാണ്, കുറച്ചുപേരുടെമാത്രം സൌകര്യത്തിനുവേണ്ടി തിരുവിതാംകൂറിലെ ആകമാനം ജനങ്ങളുടെ സൌകര്യത്തെ വിഗണിച്ചുകൊണ്ടാണ് ഈ ജോലിനിർവ്വഹണം തുടങ്ങിയത്. ഇതു ഒരിക്കലും ക്ഷമിക്കാൻ പാടില്ലാത്ത ഒരപരാധമാണ്. പി. ഡബ്ലിയു. ഡി. യിൽ ഇരുപതോ ഇരുപത്തിരണ്ടോ റോളുകൾ ഉള്ളതായി കാണുന്നു. ഇതിൽ എട്ടോ, ഒൻപതോ റോളുകളും അതിന്റെ പ്രൊപ്പോർഷൻ അനുസരിച്ചുള്ള ആളുകളും സാധനസാമഗ്രികളും ഈ പണിക്കായിട്ട് കൊണ്ടുപോകുന്നതിൽ ചീഫ് എൻജിനീയരുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നുവെന്നുള്ളതിന് യാതൊരു സംശയവുമില്ല. അതായത് പി. ഡബ്ലിയു. ഡി. യുടെ ശ്രദ്ധ ഏകദേശം പകുതിയോളം തന്നെ ഈ ജോലിക്കായിട്ട് വിനിയോഗിച്ചു. അതാണ് ഈ വീഴ്ചയ്ക്ക് മുഖ്യകാരണമെന്നുള്ളതിനു സംശയമില്ല.

PRESIDENT: In other words the work of the P. W. D. for the last 12 months is unsatisfactory because the work of the aerodrome was conducted during the last two months. Yes, honourable member will proceed.

MR. P. M. VARGHESE: ഇനി വേറൊന്നു പറയാനുള്ളത്, ഡിപ്പാർട്ടുമെൻറിൽ അധ്യക്ഷന്മാർ, അവരവർ ചെയ്യുന്ന കരാറുകൾ പാലിക്കുന്നില്ലെന്നുള്ളതാണ്. ഇടുക്കിസ്ഥിതി പരിശോധിക്കാൻ ഒരു ദിവസം വരണമെന്നു ചീഫ് എൻജിനീയർ അവർകൾ അവധിനിശ്ചയിച്ചു. ഈ വിവരമറിഞ്ഞറിഞ്ഞ മി. ഡബ്ലിയു. ജെ. ജാണിനു അറിവുകൊടുക്കുകയും അതനുസരിച്ചു അദ്ദേഹം, കാട്ടാനകളും മറ്റു വന്യമൃഗങ്ങളും നിറഞ്ഞതും, സഞ്ചാരസൌകര്യം തീരെ കുറഞ്ഞതുമായ സ്ഥലങ്ങളിൽ കൂടി സഞ്ചരിച്ച് ആ സ്ഥലത്തെത്തി രണ്ടു ദിവസം താമസിക്കുകയും ചെയ്തു. അപ്പോഴെങ്കിലും ചീഫ് എൻജിനീയർ അവിടെ പ്രത്യക്ഷപ്പെട്ടില്ല. അടിയന്തിരമായ ചില കാരണത്താൽ അവിടെ വരാൻ സാധിക്കുകയില്ലെന്നു ഫോണോക്കോം ചീഫ് എൻജിനീയർ മി. ജോണിനു അയച്ചു. ഫോണോക്കോം മൂവാറ്റുപുഴ എത്തി. അവിടെ നിന്നും സന്ദേശം തൊടുപുഴയ്ക്കു കമ്പിവഴിയല്ല പോയത് കമ്പിയില്ല. എത്തുന്നതിനു രണ്ടു ദിവസം വേണ്ടിവന്നു അതിനു മുമ്പു മി. ജോൺ ഇടുക്കിയിൽ നിന്നും തിരിച്ചു യാത്രയായി. ഇതെല്ലാം എന്റെ സ്വന്ത അനുഭവത്തിൽനിന്നും പറയുകയാണ്. ഡിപ്പാർട്ടുമെൻറു മേലധ്യക്ഷന്മാരെന്നനിലയിൽ, ഇതുമാതിരിയുള്ള വീഴ്ചകൾ കൃത്യനിർവ്വഹണത്തെ എങ്ങനെ ബാധിക്കുമെന്നു, പറയാതെതന്നെ മനസ്സിലാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. PULIYOOR T. P. VELAYUDHAN PILLAI : സർ, ഈ ഡിപ്പാർട്ട മെൻറിനെക്കുറിച്ച പബ്ലിക്കിനു പൊതുവേയും ഈ നിയമസഭയിലുള്ള അനുദ്യോഗസ്ഥമെമ്പറന്മാരിൽ അധികം ആളുകൾക്കും വിശേഷിച്ചും ശക്തിമത്തായ ആക്ഷേപം ഉണ്ടെന്നുള്ളതു ഇവിടെ ധാരാളം പ്രകടമാക്കിക്കഴിഞ്ഞിട്ടുണ്ട്. സർ, ഇപ്പോഴത്തെ ചീഫ് എഞ്ചിനീയർ ഈ ഉദ്യോഗം സ്വീകരിച്ചിട്ടു ഏകദേശം ഒന്നര വർഷം പൂർത്തിയായിട്ടുണ്ട്. അതായതു ന.-ന്യ-ഫ ഫ ഠ ലാണു ഇദ്ദേഹം ഈ ഉദ്യോഗം സ്വീകരിച്ചതു്. ഇതിനകം അദ്ദേഹത്തിന്റെ രേണനൈപുണിയുടേയും കായ്ശേഷിയുടേയും പരിമാണം തൂലനം ചെയ്യുന്നതിനുള്ള അവസരം അദ്ദേഹത്തിനും ഈ നാട്ടിലെ ജനതയ്ക്കും സിദ്ധിച്ചിട്ടുണ്ട്. അതിനുശേഷം, ഡിപ്പാർട്ടുമെൻറിലെ പ്രവൃത്തികളെസംബന്ധിച്ച ക്രുലങ്കഷമായി പരിശോധിക്കുന്നപക്ഷം, പ്രവർത്തനം തൃപ്തികരമായ ഒരു പര്യവസാനത്തിലെത്തിയിട്ടില്ലെന്നു കാണുവാൻ കഴിയും. ഫ ഫ ഠ ഠ-ൽ ആകപ്പാടെ ഗവണ്മെൻറിൽ നിന്നും, ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തിനായിട്ട് അനുവദിച്ചിട്ടുള്ള സംഖ്യയിൽ അതായതു് ന.രൂ.യുടെ കൃപയിൽ യാതൊരു ജോലിയും നടത്താതെ ഈ ഡിപ്പാർട്ടുമെൻറു മിച്ചംവരുത്തിയിട്ടുണ്ടെന്നു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽനിന്നും പ്രത്യക്ഷമാകുന്നുണ്ട്. ഈ ന.രൂ.യുടെ ജോലി നിർവ്വഹിക്കാതിരുന്നിട്ടുള്ളതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. പലേ പ്രധാനപ്പെട്ട പാലങ്ങളും ഈ നാട്ടിൽ പല ഭാഗങ്ങളിലായി പണിയിക്കുന്നതിനു ഫ ഫ ഠ ഠ-ൽ പ്രത്യേകം പ്രൊവിഷൻ ഉണ്ടായിരുന്നുകിലും അതിൽ ഒരു പൈസപോലും ചെലവാക്കിയിട്ടില്ലെന്നു കാണുവാൻ കഴിയും. പിന്നെ ഒന്നു പറയാനുള്ളതു്, പല അവസരങ്ങളിലും എസ്റ്റിമേറു് സാങ്ക്ഷൻ ഇല്ലാതെ ജോലികൾ നടത്തിയതായിട്ടും, എസ്റ്റിമേറു സാങ്ക്ഷനായിട്ടുള്ള ജോലികൾ നടത്തിക്കാതെ ഇരുന്നതായിട്ടും അറിയുന്നുണ്ട്. അതായതു് ഇരുപതു സന്ദർഭങ്ങളിൽ ഡിപ്പാർട്ടുമെൻറിൽനിന്നും എസ്റ്റിമേറു് ക്രൂടാതെ ജോലികൾ നടത്തിയിട്ടുണ്ട്. എസ്റ്റിമേറു് സാങ്ക്ഷൻ ചെയ്തിട്ടുവേണം ജോലികൾ നടത്തിക്കാൻ. ബഡ്ജറിൽ യാതൊരു സംഖ്യയും അനുവദിച്ചിട്ടില്ലാതിരുന്ന ന.ഫ കേസ്സുകളിൽ അതായതു്, പ്രൊവിഷനൽ ഗവണ്മെൻറു് സാങ്ക്ഷൻ ഇല്ലാതിരുന്ന ന.ഫ എണ്ണത്തിനു പണം വിനിയോഗിച്ചിട്ടുണ്ടു. നേരെമറിച്ചു ബഡ്ജറിൽ പ്രത്യേകം പ്രൊവൈഡ് ചെയ്തിട്ടുള്ളതായ ന.രൂ ലക്ഷത്തിൽപരം രൂപയുടെ ജോലി നിർവ്വഹിച്ചിട്ടും ഇല്ല. ഇതു ഏറ്റവും അതൃപ്തികരമായിട്ടുള്ളതാണു്. എസ്റ്റിമേറു് അനുവദിച്ചി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puliyoor T. P. Velayudhan Pillai.]

ട്ടുള്ള തുകയിൽ വളരെ അധികം സംഖ്യ അനധികൃതമായും മുൻകൂട്ടിയുള്ള അനുവാദംകൂടാതെയും ഫവ കേസ്സുകളിൽ വ്യയംചെയ്തിട്ടുണ്ടെന്നു കാണുന്നു.

RAJYASEVANIRATA S. CHATTANATHA KARAYALAR: Do these figures relate to this department alone or to other departments as well?

MR. PULIYOOR T.P. VELAYUDHAN PILLAI: ഞാൻ പ്രസ്താവിച്ച ഒന്നു ലക്ഷത്തിൽപരം രൂപയുടെ മിച്ചം പി. ഡബ്ളിയു. ഡി. യിൽമാത്രം ഉള്ളതാണ്. ഈ ഡിപ്പാർട്ടുമെൻറിനേക്കുറിച്ച് ജനങ്ങൾക്കു പൊതുവേ പരാതിയുണ്ടെന്നുള്ളതു് നിസ്തർക്കമാണ്. ഇനി ഇങ്ങനെ ഇരുപത്തി മൂന്നുലക്ഷം രൂപ നീക്കി ബാക്കിയുള്ള തുക വിനിയോഗിച്ചു വിവിധ ജോലികൾ നിർവഹിച്ചിട്ടുള്ളതുതന്നെ എങ്ങനെയാണെന്നു നോക്കാം. ആഡിറ്റ് ആൻഡ് അപ്രോപ്രിയേഷൻ റിപ്പോർട്ടിൻെറ ഫവ വ്യാപാരത്തിൻെറ വശത്തു് ഈ വിധം പ്രസ്താവിച്ചു കാണുന്നുണ്ട്. "clause-war analysis of outstanding objections under works in the P. W. D. as on the last day of Karkadakam 1120. Total Rs. 14,16,396"; ഈ രേഖയിൽ നിന്നും ഡിപ്പാർട്ടുമെൻറു ചെയ്തിട്ടുള്ള ജോലികളിൽ തന്നെയും ഫ ര ലക്ഷത്തിൽപരം രൂപായുടെ ജോലികളെ സംബന്ധിച്ചു സാങ്കേതികതടസ്സങ്ങളും ന്യൂനതകളും ഉണ്ടായിട്ടുണ്ടെന്നു കാണുന്നു. ബഡ്ജറിൽ അനുവദിച്ചിട്ടുള്ള ജോലികൾ ഡിപ്പാർട്ടുമെൻറു യഥാകാലം നടത്തുകയൊ നടത്തുന്നതിനു വേണ്ട നടപടികൾപോലും കൈയ്ക്കൊള്ളുകയൊ ചെയ്യുന്നില്ലെന്നു P. W. D. Advisory Committee ക്കു ബോദ്ധ്യമായതിൻെറ ഫലമായി കമ്മറിമീറ്റിംഗിനുമുമ്പു് ബഡ്ജറിൽ അനുവദിച്ചിട്ടുള്ള ഓരോ ജോലികളുടെയും കഴിഞ്ഞ മീറ്റിംഗിനുശേഷമുണ്ടായിട്ടുള്ള പ്രോഗ്രസ്സ് കാണിക്കുന്ന ഒരു സ്റ്റേറുമെൻറ് കമ്മറി മെമ്പറന്മാർക്കു നൽകേണ്ടതാണെന്നു കമ്മറി ഒരു നിശ്ചയം പാസ്സാക്കുകയും ചീഫ് എൻജിനീയർ അപ്രകാരം ചെയ്തുകൊള്ളാമെന്നു ചുമതലയേൽക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആ നിശ്ചയം അടുത്തകാലം വരെ പ്രായോഗികമാക്കുകയൊ കമ്മിറ്റി മീറ്റിംഗുകൾ യഥാകാലം വിളിച്ചു കൂട്ടുകയെങ്കിലും ചെയ്യുകയൊ ചെയ്തിട്ടില്ല. ഉൾനാടുകളിൽ ൯൦ ശതമാനം പാലങ്ങളും റോഡുകളും നന്നാക്കാതെ അവസാനം പണം മിച്ചം വച്ചിട്ടുള്ളതായി കാണാം. മേലിലെങ്കിലും ഗവണ്മെൻറിൽനിന്നും അനുവദിച്ചിട്ടുള്ള സംഖ്യ ചെലവാക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. പൊതുമരാമത്തു വേലകൾ ഉപയുക്തമായി നടത്തിയിട്ടില്ലെങ്കിലും ഡിപ്പാർട്ടുമെൻറു സംരക്ഷണച്ചെലവു ഭയങ്കരമായി വർദ്ധിച്ചിട്ടുള്ളതായി കാണുന്നു. ഡയറക്ഷനു് ഫ ഫ ൧൰൯-ൽ ൧൫,൦൦൦ രൂപ മാത്രമാണു് ചെലവായതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

൨൦൧൫-ൽ ആയതു ൫,൩൬,൫൩൩ രൂപയായി വർദ്ധിച്ചു. അതു് ൨൦൧൬-ൽ ൫,൯൩,൬൩൩ രൂപയാകുമെന്നു പ്രതീക്ഷിക്കുന്നു. അതു് പോലെ തന്നെ എക്സ്റ്റാബ്ലിഷ്മെന്റു് ചെലവു ൨൦൧൩-ൽ നാലുലക്ഷത്തിപതിമൂവായിരമായിരിക്കെ ൨൦൧൫-ൽ ഒരുലക്ഷവും ൨൦൧൬-ൽ ൭,൩൬,൯൩൩-ം ആയി വർദ്ധിക്കുന്നു. ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനമാന്ദ്യംമൂലം ജനങ്ങൾക്കു് പ്രയോ. ജനമുണ്ടാകുന്നില്ലെന്നു മാത്രമല്ല ഡിപ്പാർട്ടുമെന്റിനു മാത്രമായുള്ള സംരക്ഷണച്ചെലവു പ്രതിവർഷം വളരെ വളരെ കൂടിവരികയുമാണു് ചെയ്യുന്നതു്. ൨൦൧൬-ൽ ഈവക ചെലവും ഏകദേശം ൨൦൧൩-ന്റെ രണ്ടിരട്ടിയായി വർദ്ധിച്ചിരിക്കുന്നതായി കാണാം. അതിനനുയോജ്യമായിട്ടുള്ള പ്രയോജനം ഈ നാട്ടിലെ ജനസാമാന്യത്തിനു സിദ്ധിക്കുന്നുമില്ല. ചില റോഡുകളിൽ നടക്കുവാൻപോലും പ്രയാസമായിരിക്കുന്നു. മാവേലിക്കര—ചെങ്ങന്നൂർ റോഡിൽ കൊല്ലകടവു എന്ന സ്ഥലത്തു് ഒരു പാലം പണികഴിപ്പിക്കുന്നതിനു കഴിഞ്ഞ നാലഞ്ചു വർഷങ്ങളിലെ ബഡ്ജറ്റിൽ അനുവാദമുണ്ടായിട്ടുണ്ടെങ്കിലും പാലം പണി ഇതേവരെയും ആരംഭിക്കുകയൊ അനുവദിച്ചിട്ടുള്ള തുകയിൽനിന്നും തീർക്കാവുന്ന ജോലിക്കായെങ്കിലും യാതൊരു ശ്രമവും ചെലവുചെയ്കയൊ ഉണ്ടായിട്ടില്ല. ഈ പാലത്തിന്റെ പ്രാധാന്യവും അതു തീർക്കേണ്ടതിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത വിധമുള്ള അത്യാവശ്യകതയും ഗവണ്മെന്റുതന്നെ അവർത്തിച്ചാവർത്തിച്ചു സമ്മതിച്ചിട്ടുള്ളതാണു്. രാജ്യത്തെ പൊതുവെ ബാധിക്കുന്ന ഈവിധ അടിയന്തിരകാര്യങ്ങളിൽ പോലും ഡിപ്പാർട്ടുമെന്റു ശ്രദ്ധിക്കുന്നില്ലെങ്കിൽ നാം എന്തിനായി ഈ ഡിപ്പാർട്ടുമെന്റിനെ ഭീമമായ പൊതുമുതൽ ചിലവുചെയ്തു സംരക്ഷിക്കുന്നു എന്നു മാത്രമേ എനിക്കു അറിയേണ്ടതായുള്ളു. പി. ഡബ്ളിയു. ഡി.യുടെ ചരിത്രത്തിൽ ഇതേവരെയും എന്റെ അറിവിൽപെട്ടിടത്തോളം ഒരു ചീഫ് എൻജിനീയരും കീഴ്സിൽബന്ധികളുടെ മനഃപൂർവ്വമായ സഹകരണക്കുറവു നിമിത്തം പ്രവർത്തനത്തിനു പരാജയവും മാന്ദ്യവും സംഭവിച്ചിട്ടുള്ളതാണെന്നു നിർല്ലജ്ജം സമാധാനം നടകിയതായി കേട്ടിട്ടില്ല. ഇതു വാസ്തവമാണെങ്കിൽ a bad workman finds fault with his tools എന്ന പഴമൊഴിയാണു് എന്റെ ഓർമ്മയിൽ വരുന്നതു്. ഇതിൽനിന്നും കീഴ്സിൽബന്ധികളുടെ സഹകരണം സമ്പാദിക്കുന്നതിനുള്ള സാമർത്ഥ്യവും കഴിവും കാര്യക്ഷമതയും ഇപ്പോഴത്തെ ചീഫ് എൻജിനീയർക്കു ഇല്ലെന്നു സ്പഷ്ടമാകുന്നു. ഈ തരുണത്തിൽ രണ്ടുപാധികൾ മാത്രമെ നമ്മുടെ മുൻപിൽ അവശേഷിക്കുന്നുള്ളു. ഒന്നുകിൽ സ്വദേശികളും

[Mr. Puliyoor T. P. Velayudhan Pillai.]

പലേ ചീഫ് ഇൻജിനീയറന്മാരുടെയും ഭരണകാലങ്ങളിൽ സർവീസിൽ ഇരുന്നിട്ടുള്ളവരും ആയ കീഴ്സിൽബന്ധികളെ എല്ലാം സർവ്വീസിൽ നിന്നും പിരിച്ചയക്കണം, അല്ലാത്തപക്ഷം മുന്നേപ്പോലെതന്നെ അവരെയെല്ലാം സർവീസിൽ തുടരുന്നതിന് അനുവദിച്ചുകൊണ്ടു വിദേശിയും തിരുവിതാംകൂറിലെ സ്ഥിതിഗതികൾ സൂക്ഷ്മമായി ധരിച്ചിട്ടില്ലാത്തയാളും പഠിക്കുന്നതിനുള്ള ക്ഷമപോലും പ്രദർശിപ്പിച്ചിട്ടില്ലാത്ത ആളുമായ ഇന്നത്തെ ചീഫ് ഇൻജിനീയരെ ഉടനടി സർവ്വീസിൽനിന്നും പറഞ്ഞയക്കണം. ഏതായാലും പി. ഡബ്ള്യു. ഡി. കൊണ്ടുള്ള പ്രയോജനം രാജ്യത്തിനു സംസിദ്ധമാകാൻ ഇനിയും അമാന്തിച്ചു കൂടെന്നുള്ളതാണ് എന്റെ ബലമായ അഭിപ്രായം.

MR. K. M. PAUL: Sir, there has been already a considerable amount of criticism about the working of the P. W. Department. The main reasons for the delay in the working of the department are alleged under two heads, namely, want of sufficient co-operation of the subordinates of the department and want of sufficient co-operation from the public. As for the co-operation from subordinates of the department, it is highly regrettable to find that even the Dewan-President had to admit that there has not been proper co-operation with the head of the department. Sir, I think the main reason is this. People who had been in the service for a long time, I mean the senior Division Officers, who are entitled to their legitimate promotion in the services are handicapped by the appointment of new persons above them and as such there is a general discontentment among them. As for the co-operation of the public, I am afraid, it is too much to expect the public to co-operate with the department on a starvation basis. To overcome this difficulty, the various sub-committees suggested a new revision in the schedule of rates which have been approved by the Central P. W. D. Advisory Committee at its meeting held on the 28th of last month. I am sorry to say that the Chief Engineer has not submitted his final report to Government on this matter. Without the existing schedule of rates being revised and a reasonable living wage paid to the labourers, it is too much to expect public co-operation.

There are very many works which have not been executed or taken up by the department under the Ryots Roads Rules. Either for want of co-operation from the Land Revenue Department or for other reasons, many of these works are still to be taken up by the department. I have before me a petition received by the P. W. D. Advisory Committee about a particular road. It is worth while perusing this petition. In bringing this petition to your notice Sir, I only want to mention one particular matter mentioned in it. This work was projected 35 years ago. For about 7 miles in length the public have constructed all the culverts and bridges. A bridge costing over Rs. 5,000 was constructed by the

LIBRARY ARCHIVES Kerala Legislative Assembly

public and the lands necessary for this road were surrendered by the public to the Government free of compensation. But even now that road is not taken up by the department. That shows how much carelessness and idleness there is in the department which are beyond description.

DEWAN BAHADUR L. VENKATAKRISHNAN: May I know the name of the road?

MR. K. M. PAUL: It is called Edayar Road from Koothattukulam to the 2nd mile in the Piravom-Elanji Road. I will hand over the petition to you.

One word about the proposed P. W. D. Workshop. I entertain a sincere doubt about the proposed P. W. D. Workshop, which is going to be started at a tremendous cost. It will not be conducive to the best interests of the State. In the post-war period, our workshop, I am afraid, will not be in a position to compete favourably with other foreign imported materials.

PRESIDENT: I take it that any national Government will prevent even a single tool being imported from outside. Any national Government which does not do this does not deserve to exist. So far as replacements are concerned there will be no import except at prohibitive cost. So far as textile and other industries are concerned, there is no chance of competition against England or America unless those countries are prevented from importing machine tools and other industrial equipment. There is no point in having a new constitution unless that constitution is able to prevent such import.

MR. K. M. PAUL: We are already running a workshop under the Transport Department. A co-ordination of these two departments—

PRESIDENT: There will be only one workshop for the whole State.

MR. K. M. PAUL: As for the irrigation works very little has been done under minor irrigation in our parts. I called for the figures for 1120 and I am told that a meagre amount of Rs. 1,000 has been spent for improvement of minor irrigation in my constituency. It is too much to expect the people to pay every kind of tax when the Government are very indifferent with regard to their dire necessities, of improving their tanks and other water channels and giving sufficient facilities to help the cultivation of their lands. Many of the wet lands have been converted into garden lands for want of irrigation facilities. If this state of affairs is to continue, I have no doubt that a considerable portion of the remaining wet lands in our State will also be turned to garden lands. I request that steps may be taken to see that such a state of affairs does not continue.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. M. Paul.]

So far as the recent survey for improving irrigational facilities concerned, I am sorry to state that the members of the Legislature were not even consulted. I claim, Sir, that we are capable of giving better suggestions as the utility of a particular work than any Government officer, because we are in the better know of local conditions. I therefore urge that this matter may be taken into serious consideration by Government.

MR. K. A. MATHEW: Mr. President, I consider it my duty to support the motion moved by my friend Mr. P. M. Varghese. It is significant that quite a large number of questions raised in this House are those bearing on the Public Works Department. There has been a chorus of dissatisfaction expressed from all sections of the House with regard to the working of the P. W. Department. From one end of the State to the other there has been the complaint that this department is not functioning to the satisfaction of the people. There is something wrong somewhere about this Department. I hold the Government responsible for the laxity, negligence and irresponsibility evident in this Department for a long time past. Travancore consists largely of villages whose primary needs are means of communication and irrigation works. These are completely neglected. Take, for instance, the condition of the ryots roads. My constituency, Thiruvella taluk, has got the largest number of ryots' roads. I doubt very much whether the Dewan or the Chief Engineer has ever visited these roads. If they had done so they would have been convinced how badly these roads are kept. I wonder whether the Dewan has even visited the rural tracts of Travancore to see for himself the miserable condititions existing in our villages. I am told former Dewans used to tour the countryside and inspect public offices in the villages. Sir P. Rajagopalachari, it is said, had inspected even Anchal Offices in out-of-the way villages.

I am afraid the present Dewan has never gone to any village to see for himself what the conditions of the villages or the primary needs of the people are. The irresponsibility and neglect evinced by the P. W. D. in regard to the village roads can be checked if the Dewan takes real interest in them. Roads and irrigation works are essential for the development of the country. We cannot expect Travancore to grow more food without irrigation facilities. The attention paid to irrigation is deplorable. For instance, the construction of the Kuttapuzha canal in Thiruvella which was started some years back is still unfinished. The department has been neglecting it. The completion of this canal would improve paddy cultivation in that area very considerably.

Several important works were included in last year's budget, but very few undertaken. The Mallapally bridge, for which about a lakh and fifty thousand rupees was provided for in the last year's budget has not been started. Even the preliminary work has not been done. I do not know whether that work will be taken up in the coming year. Sir, this is the case with other works also. My

LIBRARY ARCHIVES Kerala Legislative Assembly

fear is that most of the Executive Engineers and the Section Officers are simply whiling away their time without feeling any responsibility for discharging the duties expected of them.

During the last 2 or 3 days I have been getting written reports about the very unsatisfactory service of ferry boats in my taluk. They are with me here. These reports are about 20 ferries some of which have no boats at all, while others have very rickety boats which have never been reconditioned. People are put to extreme difficulty because of this. In Central Travancore, there are several ferries which have to be provided with serviceable boats. In regard to this, representations have been made to the departmental authorities, executive Engineers, and Section Officers. But they turn a deaf ear to such representations of the people. It is very deplorable that such a state of affairs should continue. I feel that this department needs overhauling.

MR. PULIYOOR T. P. VELAYUDHAN PILLAI: Was there not provision in the current year's budget for the construction of bridges at Peringara, Vettical and at another place in the Thiruvella taluk?

MR. K. A. MATHEW: Yes. There was provision for constructing a bridge at Peringara crossing near Thiruvella Municipal town in last year's budget. But nothing has yet been done. The departmental subordinates in charge of the preliminary investigations submit the report to the Chief Engineer, after 9 months' delay and ask for direction as to what should be done next. This is sheer irresponsibility on the part of the subordinates. Same is the case with regard to the Thiruvella Market Canal and many other works which have to be done in the Thiruvella taluk. Sir, the Department requires men who have real interest in their work and who do it for the sake of the country.

MR. M. L. JANARDANAN PILLAI *(Nominated)*: Sir, the purpose of my supporting the motion is to bring to the notice of Government that certain urgent works have to be carried out in Alleppey and Sherthalai. With the cessation of war, trade is improving and it is essential that Government should pay special attention to the needs of Alleppey which is the most important port in Travancore. Recently, Government and the Chief Engineer have been paying some attention to the improvement of the pier which is in a dilapidated condition. I have been told that the work will be taken up immediately. At present no foreign steamer calls at the Alleppey Port. That means a very substantial loss to the revenues of the State. Immediate attention should be paid to the Alleppey port. Otherwise, the whole trade would be diverted to Cochin. Although we are partners in the Cochin Harbour Scheme, that is not a sufficient compensation for the loss of the trade which will affect that port. I trust that it will receive the immediate attention of the Government.

LIBRARY ARCHIVES Kerala Legislative Assembly

MR. PULIYOOR T. P. VELAYUDHAN PILLAI: May I know from the honourable member whether the Chief Engineer has replied at a public meeting at Alleppey that the reason for the non-improvement of the Alleppey port lay in the delay in getting steam-rollers?

DEWAN BAHADUR L. VENKATAKRISHNAN: It was mentioned as an example for the difficulty in getting machinery.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether that was the reason alleged?

DEWAN BAHADUR L. VENKATAKRISHNAN: In the meeting of the Chamber of Commerce which I attended, this question of the improvement of the Alleppey Port was discussed. I mentioned that though we had placed an order for steam-rollers and cranes, we were yet to hear about them. That was the difficulty.

MR. M. L. JANARDANAN PILLAI: Sometime ago, Government sanctioned a substantial allotment for the improvement of the travellers' bungalow at Alleppey and for the construction of additional buildings. That was for the purpose of accommodating various representatives who come to Alleppey from different parts of the world to develop trade in Travancore. On account of the difficulty in getting materials the work has not been begun.

Similarly, the town requires considerable improvement. That has been brought to the notice of the honourable House.

SAHIB BAHADUR P. S. MOHAMED: മി. ജനാർദ്ദനൻ പിള്ളയുടെ ഫാക്ടറിയിലും കെട്ടിടങ്ങളും കെട്ടുന്നതിനു കൺട്രാക്ടറന്മാരെ കിട്ടുന്നുണ്ടോ?

MR. M. L. JANARDANAN PILLAI: I do get contractors but I have to pay much heavier wages than Government. I do not think the Government, which have got various programmes on their hands, could afford to pay.

MR. VARKALA K. MADHAVAN: May I know whether the Travancore Government is poorer than Mr. M. L. Janardanan Pillai?

PRESIDENT: Order, order. Honourable member has got only five minutes more. Whether Travancore Government is poorer than Janardana Pillai or not can be replied to by the honourable member in his speech. (*Laughter.*)

MR. M. L. JANARDANAN PILLAI: Roads in Alleppey town and the Shertallai-Aroor Road and Alleppey-Arukutty Road are unfit to be used for carrying lorries of 3 ton loads at present. If the new trade that we are likely to get very soon must be handled properly and satisfactorily, those roads must also be improved. The Alleppey-Aroor road with the opening of the new trade channels, has to be improved very considerably. The Mohamma road which has been connected with Thanneermukkom requires only 150 feet of length to be completed. For some reason or other, that has not been attended to yet. The matter was reported to the Chief Engineer and he has assured me that he will see to it in 1122. I mention all

LIBRARY ARCHIVES Kerala Legislative Assembly

these because Alleppey is fast developing into an important industrial town in Travancore and if we neglect that, our trade will be lost. Once it is lost, it is not likely to be recovered. Alleppey is considered to be a generally very unhealthy town. Water supply has been very kindly given by Government, but drainage arrangements have not been provided for. The sewage tanks in the town are left uncleaned. The Government's reply has been that it is the business of the Municipality, but the Municipality has informed the Government that it is unable to do it. Between the Public Works Department and the Municipality, the health of the people at Alleppey suffers. In the interests of the town and in the interests of the growing trade of the town and also in view of the postwar trade that will soon develop there, I trust the Government will give a substantial amount to the Chief Engineer to see that an immediate and intensive programme is taken up with regard to the improvement of Alleppey and that a special sub-division—not the present sub-division which is already functioning there—but one which is created specially for the purpose of improving trade requirements of the Alleppey port is sanctioned and made to function. House connections for water supply are very urgently required at Alleppey.

MR. PULIYOOR T. P. VELAYUDHAN PILLAI: What is the present condition of the traveller's bungalow at Alleppey?

MR. M. L. JANARDANAN PILLAI :It requires more space.

MR. PULIYOOR T. P. VELAYUDHAN PILLAI: Was there not sufficient provision for the construction of additional blocks made in this year's budget?

MR. M. L. JANARDANANN PILLAI: I said so.

MR. NEELAMANA R. MADHAVAN NAIR : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ചീഫ് എൻജിനീയർ അദ്ദേഹത്തിന്റെ സ്ഥാനത്തിലയിൽ സമർത്ഥനാണെന്നുള്ളതു ഞാൻ സമ്മതിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ സാമർത്ഥ്യം ഈ രാജ്യത്തെ ജനങ്ങൾക്കു ഉപകരിച്ചില്ല എന്നുള്ള ഒരു പരമാർത്ഥവും അതോടുകൂടി സമ്മതിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം പറയുന്ന ഒരു സമാധാനം ഈ രാജ്യത്ത്, അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തോട് ശരിയാംവണ്ണം സഹകരിക്കുന്നില്ലെന്നാണ്. അതു് ഗവണ്മെൻറും ഏതാണ്ടു ഒരു മാതിരി സമ്മതിച്ചിരിക്കുന്ന ഒരു വസ്തുതയാണെന്നുള്ളതു പ്രസിഡൻറ് അവർകളും രണ്ടു ദിവസത്തിനുമുൻപു ചെയ്ത ഒരു പ്രസ്താവനയിൽനിന്നും എനിക്കു മനസിലാക്കാൻ സാധിച്ചിട്ടുണ്ട്. സർ, ഈ രാജ്യത്തു പി. ഡബ്ളിയു. ഡിപ്പാർട്ട്മെൻറ് ഇന്നും ഇന്നലെയും ഉണ്ടായിട്ടുള്ളതല്ല. എക്സിക്യൂട്ടീവ് എൻജിനീയറന്മാരും അസിസ്റ്റൻറ് എൻജിനീയറന്മാരും ഇതിനുമുമ്പും ധാരാളം ഉണ്ടായിരുന്നു. വെളിയിൽനിന്നു വന്ന ചീഫ്

LIBRARY ARCHIVES Kerala Legislative Assembly

[Mr. Neelamana R. Madhavan Nair]

എൻജിനീയറന്മാരും ഇതിനുമുൻപു ഉണ്ടായിട്ടുണ്ടു. യൂറോപ്യന്മാർ പോലും ഇവിടെ ചീഫ് എൻജിനീയറായി ഇരുന്നിട്ടുണ്ടു്. അവരാരും ഇന്നത്തെ ചീഫ് എൻജിനീയർ പറയുന്ന നിസ്സഹകരണത്തെപ്പറ്റി പരാതിപറഞ്ഞതായി അറിവില്ല.

PRESIDENT: Yes; it is a fact.

MR. NEELAMANA R. MADHAVAN NAIR: അങ്ങിനെയിരിക്കെ, ഇപ്പോഴത്തെ ചീഫ്എൻജിനീയർ അദ്ദേഹത്തിന്റെ കീഴ്സിൽബന്ധികളെപ്പറ്റി കൊണ്ടുവന്നിട്ടുള്ള ഈ ആരോപണത്തിന്നു് അവർ മാത്രം ഉത്തരവാദിത്വം വഹിച്ചാൽ പോരെന്നും ചീഫ് എൻജിനീയക്കും ഇതിൽ ഏതാണ്ടു ചില ഉത്തരവാദിത്വം വഹിക്കേണ്ടതായുണ്ടെന്നും ആണു എന്റെ അഭിപ്രായം. കീഴ്സിൽബന്ധികൾ അദ്ദേഹത്തോടു ശരിയായി സഹകരിക്കുന്നില്ലെങ്കിൽ കുറെ അദ്ദേഹത്തിന്റെ കുറ്റം കൊണ്ടുകൂടിയാണു്. ഏതു ന്യായമായ കാര്യങ്ങൾ അദ്ദേഹത്തോടു പറഞ്ഞാലും അതിനെ ശരിയായി സ്വീകരിക്കുക എന്ന ഒരു മനോഭാവം അദ്ദേഹത്തിനില്ല. അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാർ യാതൊന്നും പരിചയമില്ലാത്ത ഒരു മാതിരി ആളുകളായതുകൊണ്ടാണു് അദ്ദേഹത്തെ ഇവിടെ കൊണ്ടുവന്നിരിക്കുന്നതെന്നുള്ള വിശ്വാസം അദ്ദേഹത്തിനുണ്ടു്. ആ വിശ്വാസം വച്ചുകൊണ്ടു് അവരോടു പെരുമാറുന്നതുകൊണ്ടു മാത്രമാണു് ഒരു പക്ഷേ അവരിൽനിന്നു നിസ്സഹകരണം ഉണ്ടാകുന്നുണ്ടെങ്കിൽ തന്നെ ഉള്ളതു്.

ഈ രാജ്യത്തു് റോഡുകളുടേയും ഇറിഗേഷൻ ജോലികളുടേയും സ്ഥിതി വളരെ പരിതാപകരമാണെന്നു് ഈ സഭയിലെ വാഗ്പ്രതിവാദങ്ങൾകൊണ്ടു തെളിഞ്ഞു കഴിഞ്ഞ സ്ഥിതിക്കു ഞാൻ അതേപ്പറ്റി കൂടുതൽ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. അടുത്ത ആണ്ടിൽ ഇതിലും പരിതാപകരമായ ഒരു സ്ഥിതിയാണു് ഉണ്ടാകാൻ പോകുന്നതെന്നു ബഡ്ജറ്റിൽനിന്നും മൂണ്ടിക്കാണിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. ഫാമിൻ-ൽ കൂലിക്കൂടുതൽ മൂലമായവയെ നേരിടുന്നതിനു ഫാമിൻ ലക്ഷം രൂപ ഉണ്ടായിരുന്നതു ഫാമിൻ ലേക്കു വെറും ഫാമിൻ ലക്ഷം രൂപ മാത്രമാണു കൊള്ളിച്ചിരിക്കുന്നതു് എന്നു് കാണുമ്പോൾതന്നെ, ഈ രാജ്യത്തെ ഇന്നത്തെ രീതിയെപ്പറ്റിയോ ജീവിതസാധനങ്ങൾക്കുള്ള വിലക്കയറ്റത്തെപ്പറ്റിയോ അദ്ദേഹം, ആരെല്ലാം എന്തെല്ലാം പറഞ്ഞാലും, ഇനിയും മനസിലാക്കാൻ തിരുമാനിച്ചിട്ടില്ലെന്നുള്ളതു പകൽപോലെ വ്യക്തമാണു്. അതുകൊണ്ടു ഫാമിൻ-ലും ഈ രാജ്യത്തെ റോഡുകളും പാലങ്ങളും മൈനർ ഇറിഗേഷൻ വേലകളും യാതൊന്നും തന്നെ ശരിക്കു നടത്താൻ അദ്ദേഹം ഉദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ശിച്ചിട്ടില്ലെന്നുള്ളതു പരമാർത്ഥമാണ്. അതുകയാൽ ഗവണ്മെൻറു് ഇങ്ങനെ വൻതുകകൾ പൊതുജനങ്ങളുടെ ആവശ്യത്തിനായി ബഡ്ജറിൽ കൊള്ളിക്കുമ്പോൾ അതു സ്വീകരിക്കുന്ന ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ അതു ജനങ്ങൾക്കുവേണ്ടി യഥാവിധി ചെലവുചെയ്യുന്നുണ്ടോ എന്നു നോക്കി വേണ്ടവിധം അവരെ താക്കീതു ചെയ്യേണ്ട കടമകൂടി ഗവണ്മെൻറിനുണ്ടെന്നു പ്രസ്താവിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

MR. T. K. NARAYANA PILLAI: I regret very much I have to support the motion that is now before the House. I do not share the view that it is pre-eminently the fault of the present Chief Engineer that we have so much grievance in the matter of works relating to the Public Works Department. Time was when our roads and means of communication and our public buildings were superior to those in Mysore. I have heard from old and experienced men that tourists from Mysore once considered our communications and buildings to be superior to theirs, but unfortunately we are now so much behind the State of Mysore in the matter of works done in the Public Works Department. The allotment in Travancore is proportionately less; the work turned out is proportionately less; public buildings constructed in recent times bear absolutely no comparison to those in the State of Mysore. It is unfortunate that it should be so, but I do not share the view that the present depolorable state of affairs is pre-eminently due to the fault of Dewan Bahadur L. Venkatakrishnan.

Looking back over the history of this department during the previous years, what do we find? In 1119 when we came into this House—most of us were new members—every one from one end of the country to the other complained that the work of the Public Works Department was shabby and that it was neglected. We complained that the Public Works are not being carried out to the advantage of the people. Then a countryman of ours was himself the head of the department, a very experienced man and a scrupulously honest man for whom we have all regard; even then the work turned out was very little. During the last two years during which Dewan Bahadur L. Venkatakrishnan was at the helm of affairs, the same state of affairs is repeated. Our irrigation works are thoroughly neglected; our communications are equally so. Money is allotted; works are planned, but unfortunately no work is turned out. Very near the town of Trivandrum, there are several works which, if carried out, would accrue to the great advantage of the people. I brought one matter to the notice of the Head of the department, namely, certain irrigation works in the village near Pattom. There are several acres of paddy fields from which once paddy used to be supplied for 'Amrith' and, so much so, those paddy fields are called 'Amrithari' paddy fields. If some irrigation works across the Oolloor thodu are taken up, about 5,000 acres of paddy fields could be cultivated every year. Money has been allotted for he purpose three years ago. I wrote to the Head of the Department

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. K. Narayana Pillai]

He visited the spot, but absolutely nothing has been turned out. That is the case in respect of almost every irrigation works in the State. I refuse to believe that it is pre-eminently the fault of the department. It is the result of a policy for which the Government themselves are to be blamed. There is the Aerodrome Scheme and in the twinkling of an eye it is being completed. I am sure it will be completed in the course of a few months. If the Government instruct that the same sort of vigilance should be shown in all works, I cannot see the reason why these irrigation works and works in connection with communications cannot be carried out with the same sort of expedition with which the aerodrome work is being carried out. The Government wanted to metal the road from Trivandrum to Cape Comorin and in the twinkiling of an eye, the work was completed. It is before all of us to see. If., as I say, Rs. 10 or 20 lakhs are set apart out of the huge surplus of the Government for irrigation works and a two year programme is laid down and carried out with vigour, there is no reason why year after year, we should waste our lungs in this House in connection with irrigation works. Is it reasonable, then, I ask, to blame the head of the department or for the matter of that, the subordinates of the department? It is more reasonable to blame the Government themselves. I have no doubt in my mind that the Government are not serious in the matter of carrying out.....

PRESIDENT: Order, order. This is not the proper time for criticising the Government. General criticisms must have been done the other day.

MR. T. K. NARAYANA PILLAI: I am sorry, Sir: but the truth is there.

PRESIDENT: Enunciation of truth is different from passing general criticisms. I would request the honourable member to prefer the former.

MR. T. K. NARAYANA PILLAI: Now with regard to the volume of protests against the work of the Department, I must in all humility place this before the Government. Our life is involved in this; it is involved in the irrigation works and means of communication. It is more important for our people than metalling the roads or the matter of that, completing the aerodrome. They might find a place in the scheme of things in a modern state but for the people at large who live in the villages, means of communications and irrigation facilities are a thousand times more important than working out an aerodrome scheme or metalling a trunk road, as it is becoming impossible for our people to get on in the villages, to prosper, to improve their trade facilities and to get manure for their paddy fields and water their fields. If, as a matter of fact, adequate attention is not paid by the Government in all these affairs, the villagers will be hard hit. I, therefore, support the motion of Mr. Varghese.

MR. V I IDICULA: സർ, പി. ഡബ്ള്യു. ഡിപ്പാർട്ടുമെന്റിന്റെ അനാസ്ഥമൂലം തിരുവിതാംകൂറിന്റെ തെക്കേ അറ്റംമുതൽ അതാ

LIBRARY ARCHIVES Kerala Legislative Assembly

യതു കന്യാകുമാരിമുതൽ പറവൂർവരെയുള്ള റോഡുകളെക്കുറിച്ചുള്ള അസംതൃപ്തിയെ ജനപ്രതിനിധികൾ ഈ സഭയിൽ പ്രകടിപ്പിച്ചുകഴിഞ്ഞു. സർ, കഴിഞ്ഞ രണ്ടുവർഷങ്ങളിലെ ബഡ്ജറ്റുസമ്മേളനങ്ങളിൽ റാന്നിയിലെ റസ്റ്റ് ഹൗസിനെക്കുറിച്ചുള്ള കാര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ളതാണ്. അതു ഇപ്പോഴും പരിഹരിച്ചിട്ടില്ലാതെ കിടക്കുന്നതും ഇപ്പോൾ ചീഫ് ഇൻജിനീയർ അവർകൾ ഓർഡർ ചെയ്തിരിക്കുന്നതും ആണെന്നു പ്രസ്താവിക്കയുണ്ടായി അവിടെ കട്ടിലില്ല, കസേരയില്ല, ഇങ്ങനെ മനുഷ്യവാസയോഗ്യമല്ലാത്ത ഒരു റസ്റ്റ് ഹൗസ് ഈ രാജ്യത്തു സ്ഥിതിചെയ്യുന്നുണ്ടെന്നുള്ളതു അങ്ങയുടെ ഭരണകാലത്തു ഏറ്റവും പരിതാപകരമായ ഒരവസ്ഥയാണ് കഴിഞ്ഞ രണ്ടുപ്രാവശ്യത്തെ ബഡ്ജറ്റുസമ്മേളനങ്ങളിൽ ഈ സംഗതിയെക്കുറിച്ചു പറഞ്ഞു. അതിനെ സംബന്ധിച്ചു യാതൊന്നും ഈ ഡിപ്പാർട്ട്മെൻറിൽനിന്നും ചെയ്തിട്ടില്ല. റാന്നിയിൽ വലിയ തോട്ടിലെ പാലത്തിനായി ഒന്നരണ്ടു വർഷങ്ങളായി തുകകൾ മാറിവച്ചു. എന്നാൽ അതിനെ സംബന്ധിച്ചു യാതൊരു വേലയും ഇതുവരെ ചെയ്തിട്ടില്ല. ഈവക അനാസ്ഥകൾ ആളുകളുടെ ഇടയിൽ വലിയ അസംതൃപ്തിക്കു ഇടയാക്കിയിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. ഫിനാൻഷ്യൽസെക്രട്ടറി പറഞ്ഞതുപോലെ ഭാവിയിലെ ഒരു ബഡ്ജറായി ഫ്ലഡ്-ലെ ബഡ്ജറു അവസാനിച്ചു. അതുപോലെ ഫ്ലഡ്-ലെ ബഡ്ജറു ഭാവിയിലെ ഒരു ബഡ്ജറാകരുതെന്നു ഞാൻ പ്രത്യേകം ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഈ ബഡ്ജറിൽ നീക്കിവച്ചിട്ടുള്ള തുകകൾ അതാതു പാലങ്ങളും തോടുകളും പണിയിക്കുന്നതിനു ഈ ഡിപ്പാർട്ടുമെൻറു വിനിയോഗിക്കണമെന്നു ഡിപ്പാർട്ടുമെൻറദ്ധ്യക്ഷനോടു ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു. സർ, ശബരിമല-മാറോലിക്കര വില്ലേജുറോഡിനെക്കുറിച്ചു ഞാനും മറ്റു പല മെമ്പറന്മാരും ഈ സഭയിൽ പ്രസ്താവിച്ചിട്ടുണ്ടു്. പലലക്ഷങ്ങൾ നിരവധി പണം ചെലവുചെയ്തു വെട്ടിച്ചിട്ടുള്ള റോഡാണ് ഇതു്. ഈവക കാര്യങ്ങളിൽ ഗവണ്മെൻറു വേണ്ടവിധം ശ്രദ്ധകൊടുക്കണം. ക്രൂശാത്തെ അച്ചൻകോവിൽ—കുമ്പഴറോഡിനെക്കുറിച്ചും ഞാൻ പല പ്രാവശ്യം ഈ സഭയിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ഒരു സംഗതിതന്നെ പല പ്രാവശ്യം ഈ സഭയിൽ പ്രസ്താവിക്കേണ്ടുന്നുള്ളതു എനിക്കുതന്നെ ലജ്ജാകരമായി തോന്നിയിട്ടുണ്ടു്. റോഡിനെക്കുറിച്ചു ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ താഴെക്കിടയുള്ള മൂന്നു കടവുകളെക്കുറിച്ചു ചില കാര്യങ്ങൾ ചീഫ് ഇഞ്ചിനീയരുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു അഭ്യർത്ഥിക്കുന്നു. പുനലൂർ—മൂങ്ങാക്കയംറോഡിൽ കുമ്പഴയും, റാന്നിയിലുള്ള പെരുമ്പുഴക്കടവിലും, കൈപ്പട്ടൂർകടവിലും മൂന്നു പാലങ്ങൾ [illegible] ആവശ്യമായിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. I. Idicula]

പുനലൂരും മുണ്ടക്കയവുമായി വളരെ അധികം ഗതാഗതങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരു കാലമാണിത്. തോട്ടങ്ങളിലുള്ള ഉൽപ്പന്നങ്ങൾ എന്നു വേണ്ടാ കച്ചവടസംബന്ധമായി വളരെ പ്രാധാന്യമർഹിക്കുന്ന സ്ഥലങ്ങളാണ് മേൽപ്പറഞ്ഞവ. അവിടെ ഏറ്റവും എളുപ്പത്തിൽ പാലങ്ങൾ ഉണ്ടാക്കേണ്ടതാണ്. കടത്തു വള്ളങ്ങളെ സംബന്ധിച്ചു പറഞ്ഞാൽ എന്റെ ഒരു സ്നേഹിതൻ ഇവിടെ പ്രസ്താവിച്ചതുപോലെ കോന്നിയിലെ കടത്തുകടവിൽ ഒരു വള്ളം ഉണ്ടായിരുന്നു, രണ്ടുമാസമായി അതു് അവിടെ കാണാനില്ല. മറ്റേതോ വള്ളക്കടവിലേക്കു മാറ്റി എന്നാണ് അറിയുന്നത്. മറ്റു കടവുകളിൽ വള്ളം വേണമെന്നുണ്ടെങ്കിൽ പുതിയ വള്ളം ഉണ്ടാക്കി കൊടുക്കുകയാണ് വേണ്ടതു്. അല്ലാതെ ഈ മാതിരി ഒരു കടവിലെ വള്ളം മറ്റൊരു കടവിലെ ആവശ്യത്തിനായി കൊടുക്കുന്നതു ഒരു വലിയ അപരാധമാണ്. അതുപോലെതന്നെ അനേകം സ്ത്രീകൾ കുട്ടികളും അല്ലാതെയും ധാരാളമായി ഗതാഗതം ചെയ്തുകൊണ്ടിരിക്കുന്ന ഒന്നാണ് പെരുനുഴ കടവു്. അവിടെയും വള്ളങ്ങൾ ആവശ്യത്തിനു ഇല്ല എന്നതിനെക്കുറിച്ചു പത്തനംതിട്ടയുള്ള പി. ഡബ്ലിയു. ഡി. സെക്ഷൻ ആഫീസറുടെ അടുക്കൽ ഞാൻ പറഞ്ഞിട്ടുണ്ടു്. പി. ഡബ്ളിയു. ഡി. അഡ്വൈസറി കമ്മിറ്റിയിലും ഈ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടു്. അതിനാനന്തരം നിവാരണമാർഗ്ഗം ഉണ്ടാക്കുന്നതിനു് ഈ ഡിപ്പാർട്ടുമെൻറു കാര്യമായി ശ്രദ്ധിക്കുന്നില്ല.

സർ, ഇതിന്റെ എല്ലാം കുഴപ്പങ്ങൾ എവിടെയാണെന്നു പറഞ്ഞാൽ അതു ചിലപ്പോൾ ഇഞ്ചിനിയർക്കു നാട്ടിൻപുറങ്ങളിലെ സ്ഥലങ്ങളുടെ പേരുകൾ obscure ആയിതോന്നും. മറ്റുചില റോഡുകളുടെ കാര്യം ഞാൻ ഇവിടെ പ്രസ്താവിക്കുന്നില്ല. ആവക സ്ഥലങ്ങളുടെ പേരുപോലും ഡിപ്പാർട്ടുമെൻറു മേലധ്യക്ഷനു അറിഞ്ഞുകൂടാ ഇതെല്ലാം മറുള്ളവരുടെ കുഴപ്പം ആണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഓരോ സ്ഥലത്തെക്കുറിച്ചും പരിചയവും കടപ്പാടും ഉള്ള ഉദ്യോഗസ്ഥന്മാർ ഇരുന്നിരുന്നെങ്കിൽ ഈ വക കുഴപ്പങ്ങൾ പരിഹരിക്കപ്പെട്ടുമായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. സർ, കർക്കടകം ർ_ാംനു- നിയമസഭകളുടെ സംയുക്തസമ്മേളനത്തെ അഭിസംബോധനം ചെയ്തുകൊണ്ടു അങ്ങു് നടത്തിയ പ്രഭാഷണവേളയിൽ അങ്ങുപ്പെടെ ഒ വിശിഷ്ടവ്യക്തികളുടെ ഈ പ്ലാറ്റുഫാറത്തിൽ ഞാൻ കണ്ടു. അതു സംസ്കാരസമ്പന്നനായ വഞ്ചിമാതാവിനു ഒരിക്കലും സഹിക്കത്തക്കതല്ല. അടുത്ത ബഡ്ജറു സമ്മേളനത്തിലെങ്കിലും ഈ നാട്ടുകാരായ ഉദ്യോഗസ്ഥന്മാരെ ആ സ്ഥാനങ്ങൾ അധികം അലങ്കരിക്കത്തക്കവിധം ഒരു ട്രെയിനിംഗ് തിരുവിതാംകൂറിൽ നടപ്പാക്കണമെന്നു മഹാരാജാവു തിരുമനസ്സിനെ അങ്ങു് ഉപദേശിക്കണമെന്നു ഞാൻ വിനയപൂർവം അപേക്ഷിച്ചുകൊള്ളുന്നു

LIBRARY ARCHIVES Kerala Legislative Assembly

MR. P. KOCHUKRISHNA PILLAI : I rise to support themotion of Mr. Varghese. In the course of the general discussion on the budget I entered my protest against the negligence of this department by referring to certain aspects in general. My duty at present is to substantiate what I have observed there, with reference to specific details.

Sir, two or three years ago we had a beautiful network of ryots' roads and other roads all over the country. Because of the negligence and lethargy of this department, the roads, which were the envy of all the outsiders who happened to go here, have now fallen into a hopeless and miserable condition. So much so, many of them have become thoroughly unfit for use. I can positively assert and establish this fact by referring to the roads in my constituency. Repeated representations have been made both in this House and outside to the head of the department that certain roads and bridges in my constituency need urgent improvement. Provision was being made in the budget year after year, but it was allowed to lapse, only to be renewed in the subsequent years. For example, provision has been made from 1115 onwards for the construction of Kollakadavu bridge; from 1119 onwards for the construction of Mallappally bridge, Peringara bridge and the Ayikattu bridge in Ayiroor. Amounts have been budgeted for the improvement of the Ranni-Vennikulam road, Ezhumattoor-Thundiyilkadavu road and many others but to no purpose. In spite of these representations to the Head of Department and in spite of the lavish allotments in the budgets for the improvement and construction of these roads and bridges, it is a sad thing to note, that absolutely nothing is done in this direction. In the seven eastern Pakuthies of the Thiruvalla Taluk there are 400 miles of ryots' roads constructed by the public. These roads which were beautifully cut and opened have now been left in a most miserable condition. I am constrained to remark that this state of affairs is due, nothing but, to the negligence of this Department. These seven Pakuthies comprising an area of 101 and odd sq. miles, almost half of the area of the taluk, produce on a large scale commercial crops and staple food crops. These products will have to be taken to the river side along these roads. But due to the uncartable nature of these roads traffic along them has become almost impracticable. And people undergo difficulties and hardship in the matter of transportation. I, therefore, urgently call upon the attention of the Head of the Department to see to the necessities of my constituency and take prompt action in the direction of improving and maintaining the roads and the repair and construction of necessary bridges and culverts.

As regards the general policy of the department, I do not wish to go into details, because, I dealt with it in my general discussion on the budget. We have no hesitation to remark that this department should be more vigilant and alert in the execution of the works allotted every year in the annual budget. In the hope that the present Head of the Department will not make us repeat these remarks in future, I resume my seat.

MR. P. C. ADICHAN (*Nominated*): സർ, കണ്ണത്തൂർതാലൂക്കിലെ എതാനും റോഡുകളെപ്പറ്റിയും വിശിഷ്യാ ആനന്ദപ്പള്ളി കൊട്ടമൺ റോഡിനെപറ്റിയുമാണ് ഞാൻ ഇപ്പോൾ ഇവിടെ പ്രസ്താവിക്കുവാൻപോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട പല മെമ്പറന്മാരും അവരവരുടെ താലൂക്കുകളിലെ റോഡിനെ സംബന്ധിച്ചു സംസാരിച്ചുവെങ്കിലും, ഇത്രവേഗം എന്റെ പേരും പ്രസംഗവും വിളിച്ചപ്പോൾ എനിക്കു തോന്നി, ഞാൻ സംസാരിക്കുന്ന റോഡിന്റെ ശോച്യാവസ്ഥ ആദ്യമേ പരിഹരിക്കണമെന്ന്.

സർ, ആനന്ദപ്പള്ളി—കൊട്ടമൺ റോഡിനെ സംബന്ധിച്ചാണ് ഞാൻ ആദ്യമായി പറയുവാൻ പോകുന്നത്. ഇതിനെ സംബന്ധിച്ചു ഞാനും ഒരു കട്ട്മോഷൻ അയച്ചിട്ടുണ്ടായിരുന്നു. ഞാൻ ഫ ഫ ഫ മുതൽ ഫ ഫ ഫ വരെയുള്ള ഒൻപതു കൊല്ലമൊണ്ടു ഈ റോഡിനെപ്പറ്റി ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടേകാൽ മൈൽ ദൂരമുള്ള ഈ റോഡിൽ, രണ്ടുമൈൽ കഴിഞ്ഞിട്ട് ഒരു തോട്ടം പാലവും ഉണ്ട്. ഒന്നരക്കൊല്ലത്തിനുമുൻപ് മാവേലിക്കര അസിസ്റ്റൻറ് ഇൻജിനീയർ അവിടെ വരുകയും അവിടെ ഉണ്ടായിരുന്ന തടിപ്പാലം പൊട്ടിച്ചു കളഞ്ഞിട്ട് ഒരു പുതിയ പാലം കെട്ടാൻ ഏർപ്പാടു ചെയ്തു. പുതിയപാലം പണിയുന്നതിനു നാലഞ്ചടി താഴ്ത്തി കുഴിയെടുത്തു. കുറെ കുഴിഞ്ഞപ്പോൾ ആ കുഴിമാത്രമാണ് അവിടെ ശേഷിക്കുന്നതു, അവിടെ ഉണ്ടായിരുന്ന തടിപ്പാലവും ഇല്ലാതായി. ഇപ്പോൾ കുട്ടികൾക്കു സ്കൂളിൽപോകാനും, കച്ചവടക്കാർക്കും മറ്റു ജനങ്ങൾക്കും കച്ചവട സംബന്ധമായും മറ്റും ചന്തയിൽ പോകാനും കൃഷിക്കാർക്കു പാടങ്ങളിൽ വളം കൊണ്ടുപോകുവാനും തീരെ സൗകര്യമില്ലാതെയായിത്തീർന്നിരിക്കുന്നു.

MR. M. K. NILAKANTAN : തടിപ്പാലം ഉണ്ടായിരുന്നപ്പോൾ വണ്ടികളും മറ്റും പോകുമായിരുന്നോ?

MR P. C. ADICHAN : തടിപ്പാലം വണ്ടികൾ പോകുന്നതിനു സൗകര്യമുള്ളതല്ലായിരുന്നെങ്കിലും മനുഷ്യർക്കു നടക്കത്തക്ക സൗകര്യമുള്ളതായിരുന്നു. ഇപ്പോൾ വണ്ടി പോകുകയില്ലെന്നു മാത്രമല്ല തടിപ്പാലം പോലും ഇല്ലാത്തതുകൊണ്ടു പ്രായമുള്ള ആരോഗ്യവാന്മാർക്കുപോലും സഞ്ചരിക്കുന്നതിനു നിവൃത്തിയില്ലാതെയാണിരിക്കുന്നതു. അദ്ദേഹം ഇവിടെനിന്നും അടുത്തു വരുമ്പോൾ ഈ പാവപ്പെട്ട റോഡിനെക്കുറിച്ചു കൊർത്തു വേണ്ടതു ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയും അദ്ദേഹത്തിന്റെ ശ്രദ്ധയെ ഇതിലേക്കു ക്ഷണിക്കുകയും ചെയ്തുകൊള്ളുന്നു.

MR. PULIYOOR T. P. VELAYUDAN PILLAI : അടുത്തകൊല്ലത്തെ ബഡ്ജറ്റിൽ ഈ റോഡിനു അനുവദിച്ചിട്ടുള്ളതായി മെമ്പർക്കറിയാമോ?

MR. P. C. ADICHAN : മുൻകൊല്ലത്തിലെ ബഡ്ജറ്റിലും തുക കൊള്ളിച്ചിട്ടുണ്ടായിരുന്നു. ആ ജോലി അന്നു ചെയ്യാതിരുന്നതുകൊണ്ടാണ് ഇന്നും അതിനെക്കുറിച്ചു പറയേണ്ടിവന്നതു. കൂടാതെ എനാദി-കടമ്പനാട്ടുറോഡും എനാദി-പറക്കോട്ടുറോഡും, പറക്കോട്ടു-കൈപ്പട്ടൂർറോഡും വളരെ ശോചനീയമായ നിലയിലാണ് ഇരിക്കു

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട താലൂക്കിലെ റോഡുകളെക്കുറിച്ചും എനിക്കു രണ്ടു വാക്കു സംസാരിക്കാനുണ്ട്. കോന്നിയിൽനിന്നു ഞാൻ കാൽ നടയായി ഈ മാസം ഒന്നാംതീയതിയാണെന്നു തോന്നുന്നു കൈപ്പട്ടൂർ വന്നപ്പോൾ റോഡിന്റെ നടുവിൽ പൂങ്കാവിൽ ചന്തയുടെ സമീപം ഒരു ആൽ പിഴുതുവീണു കിടക്കുന്നതായി കണ്ടു. ധാരാളം കാളവണ്ടികൾ പോകുന്ന ഒരു റോഡാണിതു്. ആ ആൽ ഇതുവരെയും അവിടെനിന്നും മാറിച്ചിട്ടില്ലെന്നുള്ള വസ്തുത ബഹുമാനപ്പെട്ട ചീഫ് എൻജിനീയരെ അറിയിച്ചാൽ അതിനെങ്കിലും ഒരു നിവാരണം ഉണ്ടാക്കുമെന്നു ആശിക്കുന്നു. മറ്റൊരു സംഗതി പറയുവാനുള്ളതു്, പത്തനാപുരം താലൂക്കിൽ അഞ്ചലിൽനിന്നു ചണ്ണപ്പേട്ടയിലേക്കു പോകുന്ന റോഡിൽ ഒന്നുരണ്ടു പാലങ്ങൾ ഉണ്ടാക്കേണ്ടതിനെക്കുറിച്ചാണു്. ഈ സംഗതിയെ സംബന്ധിച്ചു് പത്തനാപുരം താലൂക്കിലെ പ്രമുഖന്മാരും നിയമസഭാസാമാജികരും ബഹുമാനപ്പെട്ട ചീഫ് എൻജിനീയർ അവർകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണു്. പല തവണ ശുപാർശ ചെയ്തിട്ടുള്ളതുമാണു്. വണ്ടികളിൽ ഭക്ഷ്യസാധനങ്ങൾ കൊണ്ടുപോകുന്നതിനോ കൂലി വേലക്കാർക്കു ഗതാഗതം ചെയ്യുന്നതിനൊ ചന്തയിൽ സാമാനങ്ങൾ കൊണ്ടുപോകുന്നതിനോ ഇപ്പോൾ വളരെ വിഷമം നേരിടുന്നുണ്ടു്. യുദ്ധാനന്തരപുനരുദ്ധാരണ പദ്ധതികൾ നടപ്പിൽ വരുത്താൻപോകുന്ന ഈ അവസരത്തിൽ ഈ മാതിരി പാലങ്ങളുടെയും റോഡുകളുടെയും കാര്യങ്ങളിൽ ഗവണ്മെൻറും ചീഫ് എൻജിനീയർ അവർകളും കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

MR. V. I. IDICULA : ചന്ദനപ്പള്ളി—കുടൽ റോഡിലുള്ള പാലത്തിന്റെ മുകളിൽ കൂടി വെള്ളം പോകുന്ന വിവരം മെമ്പർക്കറിയാമോ?

MR. P. C. ADICHAN : എനിക്കറിയാം. അതുപോലെ പത്തനംതിട്ട താലൂക്കിലെവളരെ പ്രാധാന്യമുള്ളതും ആ താലൂക്കിലെ നിയമസഭാ സാമാജികനു ഒഴിക്കലും മറക്കാൻ പാടില്ലാത്തതുമായ ഈ മാതിരി പ്രാദേശികാവശ്യങ്ങളെക്കുറിച്ചു ഒരു വാക്കുപോലും സംസാരിക്കാതെയാണല്ലോ ഇരുന്നതു എന്നോർത്തു് നിർവ്യാജം വ്യസനിക്കുന്നു.

MR. C. S. LAKSHMANA AIYAR : The main complaint of the House against the P. W. Department appears to be that the roads in this State are neglected and that it is due to the failure of the department to take up and work these roads. Last year, I suggested that an officer may be specially deputed to deal with this particular item of work, *i. e.*, maintenance of the roads and the village roads.

MR. PULIYOOR T. P. VELAYUDHAN PILLAI : We cannot hear, Sir.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: Honourable member will speak up.

MR. C. S. LAKSHMANA AIYAR: I take this opportunity to reiterate the same suggestion that I made last year, *i. e.*, that an officer may be specially deputed for this work. Then, most probably, it may be possible that greater attention is devoted to this item of work. Most of the remarks that were made here may thus be obviated at least at the session next year. I state this because it does not seem to be the case that there are not funds for this item of work. There are funds enough. But perhaps it has not been possible to attend to these items, because there are several other works which have simultaneously to be attended to. I am not unaware of the fact that the scarcity of labour consequent upon the war conditions is, to a large extent, responsible for the delay in taking up the maintenance of the roads. But it is no good in merely multiplying the deplorable conditions of the roads in the State. I would not, for a moment, say that these defects cannot be rectified. My only suggestion is that decentralisation, so far as possible, may be conducive to the better execution and more satisfactory results.

MR. J. T. MORAIS: As regards this motion, I regret I have to support it. Though it is well known that the Chief Engineer commands the confidence of a great majority of this House, we cannot refrain from criticising this Department. Year after year, we have been singing the same chorus—the roads are bad; irrigation works are unattended to, and the P. W. D. grants are allowed to lapse, of course, under the three years' scheme. They do not lapse, but, as a matter of fact, they are left untouched. Sir, you have stated, this morning, that you have placed, *i. e.*, Government have placed Rs. 10 lakhs more to be spent on rural reconstruction. While we appreciate the generosity of Government and the care they have for the rural areas of the State, I am constrained to remark that Government may as well place a crore of rupees but there will be no use if at the end of the year it is found that it remains unspent. What is required is that the amount that is placed should be spent. We find that the P. W. D. grants have been practically untouched as far as roads are concerned. As regards the roads of the taluk of Neyyattinkara particularly, in certain pakuthies those roads were considered at least somewhat good some years back. But now, they are absolutely unusable. For two or three years, no maintenance work has been done on them. This situation prevails not only in one taluk, but, as has been stated on the floor of the House, in almost all the taluks of the State. It might be that there is scarcity of labour, it might be costly, but with all that, this most important work of maintenance of roads cannot be neglected. Whether labour is costly or cheap, these roads ought to be maintained well because it is there that the tax-payer feels that he is getting return for the money that he gives to the State. If rural reconstruction is to take place seriously, first of all, rural communications must be attended to. If rural communications are neglected, then the first step in rural reconstruction is not effected. What I would suggest is that really serious measures ought to be taken to see that at least

LIBRARY ARCHIVES Kerala Legislative Assembly

during the coming year the roads are properly maintained and the irrigation works are properly attended to. With these words, I commend the motion.

SAHIB BAHADUR P. S. MOHAMED : സർ, ഉപക്ഷേപത്തെക്കുറിച്ച് രണ്ടു വാക്കു പറയണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ അങ്ങനെചെയ്യാനുദ്ദേശിക്കുന്നതു് ഏതെങ്കിലും വിധത്തിൽ ചീഫ് എൻജിനീയരുടെ യോഗ്യതയെ പരീക്ഷിക്കുന്നതിനോ, അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാരുടെ നിസ്സഹകരണമനഃസ്ഥിതി ശരിയാണെന്നു പറയുന്നതിനോ അല്ല. സംഗതികൾ ഓരോകൊല്ലവും ഇങ്ങനെ വഷളായി മുൻപോട്ടു പോകയാണെങ്കിൽ, നമ്മുടെ റോഡുകൾ അധഃപതിച്ചുപോകും. നമ്മുടെ റോഡുകളെക്കുറിച്ചു് മറ്റു രാജ്യക്കാരുടെ ഇടയിലുള്ള മതിപ്പു് നഷ്ടപ്പെട്ടുപോകയും ചെയ്യും. റോഡുകൾ ഇങ്ങനെ അധഃപതിച്ചുപോയാൽ അതിൽ നമുക്കു വ്യസനിക്കാതിരിക്കാൻ നിവൃത്തിയില്ല. വാസ്തവത്തിൽ ചീഫ് എൻജിനീയർക്കു യാതൊരുവിധമായ ദുരുദ്ദേശവുമില്ലെന്നു ഈ മോഷൻ അവതരിപ്പിച്ച മെമ്പർ തന്നെ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ സാമർത്ഥ്യത്തെക്കുറിച്ചു മറ്റൊരു മെമ്പർ പ്രസംഗിക്കുകയുണ്ടായി. ഇവിടെ അതുതന്നെ അദ്ദേഹം അയോഗ്യനാണെന്നു പറഞ്ഞില്ല. എന്നാൽ ചില സംഗതികളിൽ ചില തെറ്റിദ്ധാരണകളുടെ ഫലമായി അദ്ദേഹവും അദ്ദേഹത്തിന്റെ സബോർഡിനേറ്റ്സും തമ്മിൽ ഒരേവിധത്തിലുള്ള വീക്ഷണകോണത്തിൽ എത്തിച്ചേരാൻ സാധിക്കാത്തതുകൊണ്ടു അതിനുള്ള പരിഹാരം നിർദ്ദേശിക്കേണ്ടതു് ഈ സഭയുടെ ചുമതലയാണു്. ഇങ്ങനെ ഒരു നില ഉണ്ടെന്നു് പ്രത്യക്ഷപ്പെട്ടതുകൊണ്ടു് ഇവിടുത്തെ കാലഗതിക്കനുസരണമായി പ്രവർത്തനങ്ങൾ മുൻപോട്ടു പോകാൻ കുറെ വിഷമങ്ങളുണ്ടായി എന്നു ചീഫ് എൻജിനീയർ സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. എന്നാൽ പഴയ കാലത്തെ തൊഴിലാളിയല്ല ഇന്നത്തെ തൊഴിലാളി. ഓരോ ഇഞ്ചുതോറും തൊഴിലാളി യൂണിയനുകളും അവരുടെ അവകാശത്തെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളും ആ രീതിയിലുള്ള പ്രസംഗങ്ങളും ധാരാളമായി ഇന്നു് മുന്നോട്ടുനടക്കുന്നു. ഗവണ്മെന്റുപോലും ഇന്നു് എംപ്ലോയേഴ്സിനോടു്, പ്രവർത്തിപ്പിക്കുന്ന തൊഴിലാളികളോടു് പെരുമാറേണ്ടതു് ഇന്നവിധമായിരിക്കണമെന്നു് ചൂണ്ടിക്കാണിച്ചുകൊടുക്കുന്നു. മാത്രമല്ല, ലാഭത്തിന്റെ ഓഹരിയിൽതന്നെയും ഒരു ഭാഗം തൊഴിലാളികൾക്കു കൊടുക്കേണ്ടതല്ലേ എന്നു മുതലാളിമാരുടെ ഹൃദയത്തിൽ തോന്നിത്തുടങ്ങിയിരിക്കുന്നു. അങ്ങനെ ഇരിക്കുമ്പോൾ തിരുവിതാംകൂറിലെ ഏറ്റവും വലിയ മുതലാളിയായ ഗവണ്മെന്റു് പൊതു

LIBRARY ARCHIVES Kerala Legislative Assembly

[Sahib Bahadur P. S. Mohamed.]

ജനങ്ങളോട് നല്ലവാക്കു പറഞ്ഞു് അവരുടെ സഹകരണത്തോടുകൂടി സംഗതികൾ നടത്തണമെന്നാണ് എന്റെ അഭിപ്രായം. അല്ലാതെ സമയം പാഴാക്കുന്നതു് അബദ്ധമാണ്. പൊതുജനങ്ങളുടെ സഹകരണം അത്യാവശ്യമുള്ള സംഗതികളാണിവയെന്നു ഗവണ്മെന്റു പറഞ്ഞു. ഗവണ്മെന്റുഭാഗത്തുനിന്നു ചെയ്യേണ്ടതു് ചെയ്തുകഴിഞ്ഞാൽ നിശ്ചയമായും പൊതുജനങ്ങളും മുൻപോട്ടുവന്നു സഹകരിക്കുന്നതായിരിക്കും. ഇവിടത്തെ ഏറ്റവും വലിയ മുതലാളിയായ ഗവണ്മെന്റ് കാലോചിതമായി പ്രവർത്തിക്കണം. അങ്ങനെ ഒരു നില വന്നാൽ പിന്നെ കുഴപ്പമില്ല. ക്ലിക്കാരുടെ ക്ലി വർദ്ധിച്ചിട്ടുണ്ടെന്നുള്ള കാര്യം വിസ്മരിക്കാൻ നിവൃത്തിയില്ല. ഫ്ലവു മുതൽ വേലക്കൂലി ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടു്. അതുപോലെ തന്നെ ജോലിക്കുടുതൽകൊണ്ടു വേലക്കാരെകിട്ടാനും പ്രയാസമുണ്ടു്. അതുകൊണ്ടു് അന്നത്തെ റേറിനു് ഇന്നു ക്ലിക്കാരെ കിട്ടാൻ സാദ്ധ്യമല്ല. ഇന്നു് എല്ലാ സ്ഥലങ്ങളിലും ഒരു ക്ലിക്കാറിനു് രണ്ടും, രണ്ടരയും ക്രൂപാ ക്ലി കൊടുക്കുമ്പോൾ ഗവണ്മെന്റു് പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിൽ ഫ്ലവു ചക്രം കൊണ്ടു സംഗതികൾ നടക്കണമെന്നു വന്നാൽ കാര്യങ്ങൾ മുമ്പോട്ടു പോകാൻ പോകുന്നില്ല. ഈ റേറുംപ്രകാരം ഏതുയും വിശ്വസ്ഥന്മാരായിട്ടുള്ള സബോർഡിനേറ്റു ആഫീസ്സറന്മാർക്കുപോലും ജോലി ചെയ്യിക്കാൻ സാദ്ധ്യമല്ല. അങ്ങനെ വരുമ്പോൾ അവരുടെ വൈഷമ്യങ്ങൾ അവർ ചീഫ് എൻജനീയരെ അറിയിക്കും. അവർ അങ്ങനെ പറയുമ്പോൾ അവരെല്ലാം കള്ളന്മാരാണെന്നു പറഞ്ഞാൽ അവർക്കു ന്യായമായി അസൂയം ഉണ്ടാകും. അതു ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

MR. K. T. MICHAEL (*Changanacherry* cum *Peermade*): The battle cry of the Assembly seems to be that something is wrong in the Public Works Department. It is admitted by the Chief Engineer; it is admitted by the Dewan-President and it is the complaint of the members that something is wrong somewhere in the Department. Some try to locate it with the Chief Engineer, some others try to place it on the subordinates of the Department. But my fear is that the chief responsibility rests with the head of the executive. You have said, once before.....

PRESIDENT: Order, order. That is not in order. The policy of Government does not come within this motion. Honourable member will proceed.

MR. K. T. MICHAEL: I made a reference to you because it has been discussed by this Assemby that somehow or other finding out

LIBRARY ARCHIVES Kerala Legislative Assembly

the culprit is not a remedy. Therefore, I do not proceed with that matter. But I may say that going from one end of the State to the other, I find that the means of communication have never before in my memory, been so bad as they are today. Several allotments have been made last year for old work and new, but nothing has been accomplished. It may be said that it will be of profit not to carry out the work at present, when the cost is great but I feel that if work is deferred which must have been done last year, it will cost more when it is resumed later. That is a point to be considered. I make a reference to my own constituency, the Changanacherry-Peermade taluks. The Kottayam-Kumili road is one of the most important roads which has perhaps the heaviest traffic. There is a bridge on that road which has not been repaired for the past two months and difficulty is felt on that score by the public at large. I understand the P. W. D. has been making some temporary shifts to resume traffic on that part of the road but that effort has not been a success so far. There is another road which joins this on the eastern side of the K. K. road. There is only a distance of 5 to 6 miles and if that part is repaired, traffic could be eased to a large extent.

I have been making constant reference to the improving of the Ponkunnam-Lalom road and Kanjirappally-Erattupetta road. Each is made about 10 miles in length. There is bus service along these two roads. But it had to be stopped for weeks together owing to their bad condition. I hope the Chief Engineer will specially consider the case of these two roads.

Mention was made about the Punalur-Mundakayam road. There is a shorter route from Punalur to Mundakayam. Only certain bridges and culverts remain to be made. For that provision was made in the last year's budget. But nothing seems to have been done so far. The subordinates of the Chief Engineer say that if plans and estimates are sent up by the Chief Engineer, they take a long time for being sanctioned by Government. If such were the state of affairs, I do not know how the public works could be carried out without delay. I also fear that there has been a sort of non-co-operation between all the subordinates of the Chief Engineer and the Chief Engineer in the matter of executing the public works. Therefore, my point is that this is a matter which has to be considered very seriously. The improvement of communications in the State is essential for the convenience of life of the people especially in these days when each village is not self-sufficient and food has to be carried from place to place in the most economic and rapid manner. With these suggestions I close my remarks.

MR. P. K. KURIAKOSE: സർ, ബഹുമാനപ്പെട്ട മെമ്പർ മി. പി. എം. വർഗ്ഗീസ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കട്ട് മോഷനെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിന്റെ ഹെഡ് കപാർട്ടേഴ്സ് സ്ഥിതിചെയ്യുന്നത് തിരുവനന്തപുരത്താകുന്നു. ഈ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Kuriakose.]

തിരുവനന്തപുരം പട്ടണത്തിന് സമീപമുള്ള റോഡുകളുടെയും പാലങ്ങളുടെയും കലിങ്കുകളുടെയും നില ഇത്ര ശോചനീയമാണെങ്കിൽ ഇവിടെ നിന്നും നൂറ് ഇരുനൂറ് മൈൽ അകലെ സ്ഥിതിചെയ്യുന്ന മൂവാറ്റുപുഴ ദേവികുളം മുതലായ സ്ഥലങ്ങളിലെ വില്ലേജ് റോഡുകളെപ്പറ്റി അധികം പ്രസ്താവിക്കാതെയിരിക്കുകയാണ് നല്ലത്. അത് ഊഹിക്കുകയാണ് ഭേദം. അതുകൊണ്ടാണ് ബഡ്ജറ്റിൽ വലിയ തുകകൾ പല വേലകൾക്കായി ആ താലൂക്കുകളിലെ ആവശ്യത്തിനായി കൊള്ളിക്കുന്നുണ്ട്. എന്നാൽ മിക്കതും ജോലി ഒന്നും നടക്കാതെ അടുത്ത കൊല്ലത്തേയ്ക്ക് മാറ്റിമാറ്റിക്കൊണ്ടുപോകുകയാണ് ചെയ്യുന്നത്. മുൻ കൊല്ലങ്ങളിൽ ഏതെങ്കിലും ഒരു തുക ബഡ്ജറ്റിൽ കൊള്ളിച്ചാൽ അതു നടക്കുമെന്നുള്ള ബോദ്ധ്യമുണ്ടായിരുന്നു. ബഡ്ജറ്റിൽ കൊള്ളിക്കുന്ന വൈഷമ്യമേ ഉണ്ടായിരുന്നുള്ളൂ. അതായത് കൊല്ലങ്ങളിൽ ജോലി തീർച്ചയായി നടക്കും. അതായത് കൊല്ലങ്ങളിൽ ജോലി നടക്കാതെ വന്നാൽ അടുത്ത കൊല്ലത്തേയ്ക്ക് (ക്യാരീഡ് ഓവർ) എന്നു പറഞ്ഞു നീട്ടിവയ്ക്കും, ഇത് തുക ലാപ്സായി പോകാതിരിക്കാൻ വേണ്ടിയാണ്. ഇപ്പോഴത്തെ രൂപം അനുസരിച്ച് തുക ലാപ്സാകാതെ മൂന്നു കൊല്ലം നീട്ടാം. അങ്ങനെ മൂന്നുകൊല്ലത്തിലൊരിക്കൽ എങ്കിലും ജോലിക്കു സംഖ്യകൾ കൊള്ളിച്ചാൽ മതി എന്നാണ് വന്നിരിക്കുന്നത്. ഞാൻ ചോദിക്കുന്നത് മൂന്നു കൊല്ലം കഴിഞ്ഞ ഒരു തുകയെ സംബന്ധിച്ചു എന്താണ് ചെയ്യുന്നതെന്നുള്ളതിന്റെ പൂർണ്ണരൂപം മനസ്സിലാകുന്നില്ല. അങ്ങനെ വരുമ്പോൾ വളരെ തുക അടുത്തെ കൊല്ലം, രണ്ടാമത്തെ കൊല്ലം, മൂന്നാമത്തെ കൊല്ലം ഇങ്ങനെ ലാപ്സാകുകയാണ് ചെയ്യുന്നത്. ആ നിലയിൽ നോക്കുമ്പോൾ ഈ തുകകൾ ബഡ്ജറ്റിൽ കൊള്ളിച്ചതുകൊണ്ട് പറയത്തക്ക പ്രയോജനം ഒന്നും കാണുന്നില്ല. ഇനി പ്രധാനമായി എനിക്കു പറയാനുള്ളത് വില്ലേജിലുള്ള അളുകൾക്കുവേണ്ടി റയ്റ്റ്സ് റോഡ് എന്നനിലയിൽ പുതിയ റോഡുകൾ ഉണ്ടാക്കി ഗവണ്മെന്റിനെ ഏല്പിക്കുക എന്ന പതിവു ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അങ്ങനെ ചെയ്താൽ ഗവണ്മെന്റ് ഏതെങ്കിലും കാരണം പറഞ്ഞ് അതു ഏറ്റെടുക്കാതെയാണിരിക്കുന്നത്. ഇതുപോലെയുള്ള പല സംഭവങ്ങളും എന്റെ താലൂക്കുകളിൽ ഉണ്ടായിട്ടുണ്ട്. അവയ്ക്ക് എന്തു ചെലവായി എന്നും മറ്റും അന്വേഷിച്ചാൽ മനസ്സിലാകുന്നതാണ്. മേലാൽ റയറ്റ്സ് റോഡിന് ഇന്നത്തെ നിലയിൽ ശരിയായ അഭിവൃദ്ധി ഉണ്ടാകയില്ലെന്നാണ് തോന്നുന്നത്. മുൻപു ജനങ്ങൾക്ക് ഇങ്ങനെ റയറ്റ്സ് റോഡുകളും മറ്റും പണിയിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന്ന് അവരവക്ക് കിട്ടുന്ന ആദായത്തിൽ നിന്നും മിച്ചം വരുന്ന തുക കൊട്ടക്കോമായിരുന്നു. അങ്ങനെ മിച്ചം വരുന്ന തുക റോഡുകൾ, സ്കൂളുകൾ ഇവ പണിയുന്നതിന് വിനിയോഗിച്ചുകൊണ്ടിരുന്നു. എന്നാൽ ഇന്നാണെങ്കിൽ അങ്ങനെ മിച്ചം വരുന്ന തുക ആദായനികുതിക്കു മറും കെടുക്കേണ്ടതായി വന്നിരിക്കുന്നു. പൊതുകാര്യങ്ങളിൽ അവരുടെ സഹകരണം ഉണ്ടാകണമെന്ന് ചീഫ് എഞ്ചിനീയർ പറയുന്നു എങ്കിലും സ്ഥിതിഗതികൾ ഇങ്ങനെയാണെങ്കിൽ അവരുടെ സഹകരണം ഉണ്ടാകാൻ നിവൃത്തിയില്ല. അതുകൊണ്ട് ആദ്യമായി ചെയ്യേണ്ടത് ജനങ്ങൾ ഉണ്ടാക്കീട്ടുള്ള റയറ്റ്സ് റോഡുകൾ ഗവണ്മെൻറ് ഏറ്റെടുക്കണം. ഇറിഗേഷൻ ഇന്നുള്ള നിലയിൽ കൂടുതൽ തുക അനുവദിക്കുകയും ഉടനടി ജോലി നടത്തിക്കുകയും ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ആ ഇനത്തിൽ പറയത്തക്ക തുക കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. കുറച്ചു മുൻപ് പ്രസ്താവിച്ച രീതിയിൽ വില്ലേജുകളുടെ അഭിവൃദ്ധിക്ക് വലിയ തുക അതായത് മുൻപു അനുവദിച്ച മുന്നു ലക്ഷത്തിനു പുറമെ പത്തു ലക്ഷം കൂടി വിനിയോഗിക്കുന്നതിന് ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്നതായി കാണുന്നതിൽ സന്തോഷിക്കുന്നു. ആ തുകയെങ്കിലും പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിനേയോ മറേതെങ്കിലും ഡിപ്പാർട്ടുമെൻറിനേയോ ഉടനെ ഏല്പിച്ചു ആ വഴിക്ക് ശരിയായി ജോലി നടത്തിക്കുന്നതിന് പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതു് അത്യാവശ്യമാണ്. ഗ്രാമോദ്ധാരണത്തിനാണ് പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതു്. ഗ്രാമങ്ങളിൽ നിന്നാണ് കൂടുതൽ തുക ഗവണ്മെൻറിലേക്ക് കാർഷികാദായനികുതിയായും മറും കിട്ടുന്നതു്. ആ നിലയിൽ ഗ്രാമങ്ങളിൽ അതാതു സ്ഥലങ്ങളിൽ വേണ്ട റോഡുകൾ പാലങ്ങൾ മുതലായവ ഉണ്ടാക്കുകയും കൃഷിക്കു ആവശ്യമായ ഇറിഗേഷൻ കനാലുകൾ, കിണറുകൾ ഇവ കഴിപ്പിക്കുകയും നന്നാക്കുകയും ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. പൊതുജനങ്ങളിൽ നിന്നും കിട്ടിവരുന്ന വരുമാനത്തിൽ ഒരു നല്ല ശതമാനം അവരുടെ ആവശ്യത്തിനുതന്നെ ചെലവാക്കണം. ഇതും പ്രസ്താവിച്ചുകൊണ്ടു് മി. വട്ടീസിന്റെ മോഷനെ പിന്താങ്ങുന്നു.

MR. KADAKKAVUR P. MADHAVAN: (*Chirayinkil* cum *Nedumangad*): Sir, it is seen from the trend of the discussions in the House that there is utter discontentment with regard to the callous neglect with which the ryots' roads and the village roads in the State are attended to. I do not question Government with regard to the efficiency or the capacity of the Chief Engineer, but the villagers find that

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kadakkavur P. Madhavan.]

their roads are not being attended to. Sir, with regard to the ryots' road, I have to make this submission. The ryots surrender the land on the express understanding that when the lands are surrendered, Government will take over those lands and construct the necessay roads. If the Government do not take the roads and repair them there is no solemnity in the agreement entered into by Government with the people at large. That is to say, people will be losing their trust in Government. I shall state a particular instance to show how Government have been very indifferent in their attitude towards the people. There is a road called Nilakkamukku-Kayikkara. I mentioned it in the year 1119. An estimate was prepared that year at a cost of Rs. 7,000. It was not possible for the department to get a contractor to take up the construction of that road for this amount. I myself approached the Executive Engineer and told him that it is not possible to get a contractor for that amount. He has stated in reply that he is prepared to pay something more to a contractor who is willing to take up this road. A person is now willing to take up this work provided he is paid the estimated amount plus 75 per cent. of the estimated amount. My submission is that it is impossible to get labour at the rate of 21 chuckrams per day. And the Chief Engineer has now said that he has increased the rates to Rs. 1 as. 4. Even that is not going to attract the contractors and they will not be coming forward. So, my submission is that these estimates are not sufficient for the ryots" roads.

One more suggestion which I will bring to the notice of the Chief Engineer is this. If the Chief Engineer is willing to give money to the contractors whom the members of the Legislature will suggest and if the Chief Engineer and the Executive Engineers are satisfied with the contractors, they may accept them. If that is not possible, nobody will come forward and give tender and there will be no chance of these ryots' roads being constructed or repaired.

Again, Sir, I will have to bring to the notice of the Chief Engineer that there are many other roads for which estimates have been prepared last year. There is a road from Aryanad to Kattakada. There is another road from Kappil to Edava. There are in the Chirayinkil and Nedumangad taluks many roads which demand the immediate attention of the Chief Engineer. I hope the Chief Engineer will do the needful in the matter.

MR. K. R. NARAYANAN (*Nominated*): സർ, പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെന്റിന്റെ വേലയിൽ ജനസാമാന്യത്തിന് അസാമാന്യമായ അസംതൃപ്തിയും നിരാശയും ഉണ്ട്. അതിന് ഇന്ന ഇന്നി ഇവിടെ ഒരു പ്രസംഗത്തിന്റെ ആവശ്യമില്ല. ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരും മിവാൻജി

LIBRARY ARCHIVES Kerala Legislative Assembly

അവർകളും അതു വ്യക്തമായി സമ്മതിച്ചിരിക്കുന്ന നിലയ്ക്കു ആ ഭാഗം ഒരു പ്രസംഗം മുഖേന വിശദമാക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. പിന്നെഎനിക്ക് ചില നിർദ്ദേശങ്ങൾ തരുവാനുണ്ട്. അതു പറയാം.

ചീഫ് എൻജനീയരുടെ ഉത്സാഹത്തെപ്പറ്റിയും അദ്ദേഹത്തിന്റെ സാമർത്ഥ്യത്തെപ്പറ്റിയും എനിക്ക് നേരിട്ടറിയാം. പബ്ലിക്കു വർക്സ് ഡിപ്പാർട്ടുമെൻറിൽ ഉള്ള ഡിവിഷൻ ആഫീസറന്മാർക്കും അസിസ്റ്റൻറ് എൻജിനീയറന്മാർക്കും മറ്റും അദ്ദേഹത്തെ സംബന്ധിച്ച് പരാതികൾ ഉണ്ടെന്നും എനിക്കറിയാം. ബഹുമാനപ്പെട്ട ദിവാൻ പ്രസിഡൻറ് അവർകളുടെ ശ്രദ്ധയിൽ ഞാൻ കാര്യമായി കൊണ്ടുവരുന്നതു് ഈ അസംബ്ലി കഴിഞ്ഞാൽ ചീഫ് എൻജിനീയറേയും എക്സിക്യൂട്ടീവ് എൻജിനീയറന്മാരെയും വിളിച്ചുവരുത്തി ഈ കൊല്ലത്തിൽ ബഡ്ജറ്റു ചെയ്തിട്ടുള്ള വേലകൾ ഇക്കൊല്ലം തന്നെ ചെയ്യണമെന്നും അങ്ങനെ ചെയ്തില്ലെങ്കിൽ ആരുടെ പേരിലാണ് കുറ്റം എന്നു കാണുന്നുവോ അവരുടെ നേക്കു നിർദ്ദയം ആയുധം പ്രയോഗിക്കണമെന്നും അവരെ കർശനമായി അറിയിക്കണം. അങ്ങനെ കാൺഫെറൻസ്സു വിളിച്ചുകൂട്ടുകയാണെങ്കിൽ ആരുടെ പേരിലാണ് കുറ്റം എന്നു് മനസ്സിലാക്കാൻ കഴിയും. അതുപോലെ തന്നെ ചീഫ് എൻജിനീയർ അവർകൾ ഓരോ ഡിവിഷനിലും സഞ്ചരിച്ചു് മാസം രണ്ടുമൂന്നു കാൺഫെറൻസ്സു എങ്കിലും നിയമസഭാമെമ്പറന്മാരെയും പൗരപ്രമാണികളെയും അറിയിച്ചുകൊണ്ടു് അതാതു ഡിവിഷനുകളിൽ വച്ചു നടത്തുകയാണെങ്കിൽ തങ്ങൾക്ക് ആവശ്യമുള്ള നിർദ്ദേശങ്ങൾ തരുവാൻ സാധിക്കും. ഇതു് വേണ്ടതുപോലെ ചെയ്യുമെങ്കിൽ കാര്യങ്ങൾ ശരിയാകുന്നതാണു്. ഒന്നു് ദിവാൻജിയും മറ്റേതു് ചീഫ് എൻജിനീയരും ചെയ്യുമെങ്കിൽ ഇനി ഈ ഒച്ചപ്പാടിന്റെ ആവശ്യം ഉണ്ടാകയില്ല. ഞങ്ങളുടെ പരാതി എന്താണെന്നു് അങ്ങു് ഇപ്പോൾ മനസ്സിലാക്കി. ഡിപ്പാർട്ടുമെൻറിൽ പരാതിയുണ്ടായിരുന്നതിന്റെ ഫലമായി ഫ ഫ ഫ വ-ൽ അഡൈവസറി ബോർഡിനെ നിയമിച്ചു. ഫ ഫ ഫ ർ-ൽ ആ അഡൈവസറിബോഡ്ഡ് കുറെ വേലകൾ റക്കമെൻറു ചെയ്തു. ഫ ഫന്ന, ഫ ഫ ഭ, ഫ ഫ വ്യ, ഫ ഫൻ, ഫ വ ഠ, ഈ അഞ്ചു കൊല്ലംകൊണ്ടു് ബോർഡ്ഡ് റക്കമെൻറുചെയ്തിട്ടുള്ള ജോലികളെല്ലാംതന്നെയാതൊരു വിഷമവുംവരാത്തമാതിരി ചെയ്തീർക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. ഈ അഞ്ചു കൊല്ലത്തെ പരിചയംവച്ചുകൊണ്ടു പറയുകയാണെങ്കിൽ ബോർഡു റക്കമെൻറു ചെയ്തിട്ടുള്ള വേലയിൽ ൭൫ ശതമാനം വേലയും ഡിപ്പാർട്ടുമെൻറു ചെയ്തിട്ടില്ലെന്നു പറയാൻ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

നിർബന്ധിതനാണ്. ഒരു വേല ഞാൻ മൂണ്ടിക്കാണിക്കാം. കഴിഞ്ഞ ബഡ്ജറിൽ വയ്ക്കുത്തു് ഫ്ര ഇഞ്ചു വീതിയുള്ള ഒരു റോഡ്ഡ് ഉണ്ടെന്നു ഞാൻ പറഞ്ഞപ്പോൾ പലരും ചിരിക്കുകയും അതു നേരമ്പോക്കെന്നു വിചാരിക്കുകയും ചെയ്തു. ചീഫ് എൻജിനീയർ ഒരു സന്ദർഭത്തിൽ ആ സ്ഥലത്തു വന്നു പരിശോധിച്ചപ്പോൾ അദ്ദേഹത്തിന് കായ്യം മനസ്സിലാക്കുന്നതിനുവേണ്ടി എന്റെ കൈയ്യശം ഉണ്ടായിരുന്ന ടേപ്പെടുത്തു അളന്നു കാണിച്ചുകൊടുത്തു. അപ്പോഴാണ് കായ്യം മനസ്സിലായതു്. പക്ഷെ റോഡിനു വീതി ഫ്ര ഇഞ്ചില്ല ഫ്ര ഇഞ്ചയുള്ളു എന്നു മാത്രം. ആ റോഡിന് ഇപ്പോൾ കൊല്ലത്തെ പഴക്കമുണ്ട്, ഒരു വശത്തു വേലിയും ഒരു വശത്തു ഭയങ്കരമായ ആറും. ഈ റോഡു പരിശോധിക്കാൻ ഇതിനു മുൻപു് ഏഴെട്ടു പ്രാവശ്യം അയച്ചിട്ടും അടുത്ത കാലത്താണ് ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധ പതിഞ്ഞതു്. ചില കുഴപ്പങ്ങളെല്ലാം ചില സ്ഥലങ്ങളിൽ ഉണ്ടു്. അതിനു കർശനമായ നടപടി അദ്ദേഹം എടുക്കുന്നു എന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. ഒരു കായ്യവും ഷെഡ്യൂൾ ഇല്ലാതെ മുൻപോട്ടു പോകുകയില്ലെന്നു എനിക്കറിയാം. ഷെഡ്യൂൾറേറു വർദ്ധിപ്പിക്കണമെന്നു് എത്രയോ കാലമായി അഡൈവസറിബോഡ്ഡ് റക്കമെൻറു ചെയ്തിട്ടുണ്ടു്. കൂലിനിരക്കു വർദ്ധിച്ചിരിക്കുന്നു. സാമാനങ്ങളുടെ വില വർദ്ധിച്ചിരിക്കുന്നു. അതുകൊണ്ടു് റേറും വർദ്ധിപ്പിക്കണമെന്നാണ് റക്കമെൻറേഷൻ. എന്നാൽ ചീഫ് ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറൽ റേറും ഒ ഒ ശതമാനവുംകൊണ്ടു് കായ്യങ്ങൾ ശരിയായി നടത്താൻ കഴിയുമെന്നു പറയുന്നു. കഴിഞ്ഞ മാസം ചേർന്നുകൂടിയ അഡൈവസറി ബോർഡിൽ ഷെഡ്യൂൾ റേറു് വർദ്ധിപ്പിക്കണമെന്നു റക്കമെൻറു ചെയ്തിട്ടുണ്ടു്. ഷെഡ്യൂൾറേറു് വർദ്ധിപ്പിച്ചാൽ കൺട്രാക്ടറന്മാർ ജോലി ചെയ്യുന്നതിനു് മുൻപോട്ടുവരും. അതുപോലെതന്നെ വേറൊരു കായ്യം ഡിപ്പാർട്ടുമെൻറിൽ ആവശ്യംപോലെ സർവയർമാർ ഇല്ല. സർവയർമാർ ധാരാളം വേണം. ഓരോ ഡിവിഷനിലും എസ്റ്റിമേറു തയാറാക്കാൻ അറിയാവുന്ന ആളുകൾ വേണം. ഫൻഫ്രഞ്ചിൽ സർ എം. കൃഷ്ണൻനായർ ദിവാൻജി ആയിരുന്ന കാലത്തു കടുത്തുരുത്തി ശ്രീകൃഷ്ണവിലാസം റോഡ് ആരംഭിച്ചതു് ഇതുവരെ പൂർത്തിയായിട്ടില്ല. അതിനു് ഇപ്പോഴും നിർദ്ദേശം അയച്ചുകൊണ്ടിരിക്കുന്നു എന്നതു നോക്കിയാൽ കായ്യങ്ങൾ ശരിക്കു മനസ്സിലാക്കാൻ കഴിയും. ഇതെല്ലാം ഗ്രാമോദ്ധാരണവകുപ്പിൽ ഉൾപ്പെടുത്തി വില്ലേജു പഞ്ചായത്തുകളുടെ കൈവശം ഏല്പിച്ചു് ആവശ്യമുള്ള സംഖ്യയും അനുവദിക്കുമെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ ശ്ലാഘനീയമായ രീതിയിൽ ഈ കാര്യങ്ങൾ നടത്താൻ കഴിയുമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. പൊതുജനങ്ങൾ സഹകരിക്കുന്നില്ലെന്നും മറും ചീഫ് ഇഞ്ചിനീയർ പറയാറുണ്ട്. അദ്ദേഹത്തിന്റെ ആഹ്വാനം കൊണ്ടു സന്തോഷമേയുള്ളൂ. എന്നാൽ അതു വാക്കുകളിൽ മാത്രമായിരിക്കാതെ യഥാർത്ഥമനോഭാവത്തോടുകൂടി ആയിരുന്നാൽ അതു വളരെ നന്നായിരിക്കും. മി. ഐ. സി. ചാക്കോ അവർകൾ ചീഫ് ഇഞ്ചിനീയർ ആയിരുന്നപ്പോൾ ഒരാൾ മുളകുന്നം പാലം നന്നാക്കുന്നതിന് ഒരു കൺട്രാക്റ്റ് എടുത്തു. അദ്ദേഹം ഏഴായിരം രൂപാ നഷ്ടത്തിൽ പാർട്ടബില്ലുപോലും പാസ്സായി കിട്ടാതെ എങ്ങിനെയെങ്കിലും പുറത്തു പോയാൽ മതി എന്ന നിലയിൽ എത്തിച്ചേർന്നതായി എനിക്കറിയാം. ഇതു ഷെഡ്യൂൾ റേറിന്റെ കുഴപ്പംകൊണ്ടാണ്. മി. പി. എം. വർഗ്ഗീസ് പി. ഡബ്ളിയു ഡി. യിലെ കുഴപ്പം കമ്മറിക്കാർ തമ്മിലുള്ള നിസ്സഹകരണവുംകൂടി കൊണ്ടാണെന്നു പറഞ്ഞു. അദ്ദേഹത്തിന്റെ വലത്തുവശത്തും ഇടത്തുവശത്തും ഇരിക്കുന്ന കമ്മറിമെംബറന്മാരോടു ചോദിച്ചാൽ അറിയാം അതിന്റെ വാസ്തവം. ഏതെങ്കിലും ഒരു അഡൈ്വസറിബോർഡിൽ മെംബറന്മാർ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായിട്ടില്ലെന്ന് എന്റെ അനുഭവംകൊണ്ടു പറയാൻ ഞാൻ തയാറുണ്ട്. അവിടെ ഏലക്റ്റഡ് മെംബറന്മാരും നാമിനേറ്റഡ് മെംബറന്മാരും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാതെയാണ് കഴിഞ്ഞുകൂട്ടുന്നതു്. അതുകൊണ്ടു് മി. പി. എം. വർഗ്ഗീസ് ഇവിടെ കൊണ്ടുവന്ന കാര്യം ശരിയല്ലെന്നു പറയാൻ കൂടി ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

MR. P. R ATCHUTHAN (*Nominated*): കഠിനമായ വിമർശനം നടത്തികൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അതിനോടനുബന്ധിക്കുന്ന ഒരു പ്രസ്താവന ചെയ്യാൻ ഞാൻ തയാറില്ല.

സർ, പി. ഡബ്ളിയു. ഡി.യുടെ മേധാവിയായ ചീഫ് ഇൻജിനീയർ അവർകൾ അതീവ സമർത്ഥനും പരിപക്വബുദ്ധിയും ആയ ഒരു ഉദ്യോഗസ്ഥനാണെന്നും അദ്ദേഹത്തിന്റെ വാർദ്ധക്യം കേവലം ശാരീരികമാണെന്നും കർമ്മം ഉപയുക്തവസ്ഥയിൽ എത്തിയിരിക്കുകയാണെന്നും ഇവിടെ ബഹുമാനപ്പെട്ട പല മെംബറന്മാരും പ്രസ്താവിച്ചുകഴിഞ്ഞു. അദ്ദേഹത്തിനു ഇണങ്ങാത്ത മട്ടിൽ കീഴുദ്യോഗസ്ഥന്മാർ, അനുവർത്തിച്ചു വരുന്ന നയമാണ്, അദ്ദേഹത്തെ കാര്യക്ഷമമായ സേവനത്തിന് വിധേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. R. Atchuthan.]

യന്നാക്കാത്തതെന്ന് ഇവിടെ നടന്ന പ്രസ്താവനകൾകൊണ്ട് മനസ്സിലാക്കാൻ സാധിക്കും. സർ, അതിലേക്ക് ബഹുമാനപ്പെട്ട മെംബർ മിസ്റ്റർ കെ. ആർ. നാരായണൻ ഒരു സിദ്ധാന്തത്തിന്റെ മട്ടിൽ ഇഞ്ചിനീരിൽ കൊടുക്കുവാൻ ഉപദേശിച്ച ആ ഗ്ലൂക്കോസ് അങ്ങു കൊടുക്കുന്നപക്ഷം പ്രസ്തുത ഇൻജിനീയറിംഗ് വകുപ്പിന് ശരിയായ ആരോഗ്യം ഉണ്ടായി, അത് രാജ്യത്തെ ക്ഷേമാവസ്ഥയിൽ എത്തിക്കും എന്നാണ് എന്റെ വിശ്വാസം. വിശേഷിച്ച് ഒരു പരിപാടി ഞാൻ നിർദ്ദേശിക്കുന്നില്ല. ഇതിനോടനുബന്ധിക്കുന്ന മറ്റൊരു കാര്യംകൂടി ദയാലുവായ അങ്ങയുടെ മുൻപാകെ വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, ഇവിടത്തെ ജനങ്ങളിൽ നെയ്ത്തുകാവൃത്തിയും മത്സ്യബന്ധനവും കച്ചവടവുമായി അനുഷ്ഠിച്ചുപോരുന്ന നികൃഷ്ടരായ കുറെ ജനവിഭാഗത്തെയാണ് ഞാൻ പ്രതിനിധീകരിക്കുന്നത്. അവർ ബാഹുല്യേന കായൽതീരത്തിൽ നിവസിക്കുന്നവരാണ്. അവരുടെ പ്രാദേശിക സ്ഥലങ്ങളിൽ ജോലിക്കു അവരിൽനിന്നും അപേക്ഷകന്മാരുണ്ടായിരുന്നാൽ അവരെത്തന്നെ നിയമിക്കുന്നതു കായൽപ്രാപ്തിക്കു പറ്റിയതാണ്. വളരെ മുന്നോട്ടുപോയി ചിന്തിക്കുന്നപക്ഷം അങ്ങു മാത്രമാണ് അവരുടെ അഭ്യുദയകാംക്ഷി എന്നു കാണാവുന്നതാണ്. മറ്റാരേക്കാളും കടത്തിറക്കുന്നതിന് സർ, കായൽതീരത്തു താമസിക്കുന്നവർക്കാണ് കൂടുതൽ സൗകര്യം. അതിനാൽ കായൽതീരത്തു താമസക്കാരായ അവരുടെ അപേക്ഷവേണം ആദ്യമായി എടുക്കേണ്ടതു്. കായൽതീരത്തുനിന്നും അകലെ താമസിക്കുന്ന മറ്റു ജാതിക്കാരായ ആളുകളെ അപേക്ഷാനുസരണം നിയമിച്ച് അവർ ഈ ജോലിയിൽ ഏർപ്പെടുന്നപക്ഷം കായൽതീരവാസികളെപ്പോലെ കായലിനെപ്പറ്റി അറിയുന്നതിന് അവർക്കു സാധ്യമല്ലാത്തതും അതു് അവർക്കും മറ്റുള്ളവർക്കും കൂടുതൽ ബുദ്ധിമുട്ടിനിടയാക്കുന്നതുമാണ്. ഇവരുടെ സാമീപ്യവും അപേക്ഷയും ഇല്ലാത്തപക്ഷം മറ്റുള്ളവർക്കു കൊടുക്കുന്നതിൽ അഭിപ്രായവ്യത്യാസം ഇല്ല. അതുകൊണ്ട് കടത്തിറക്കുന്ന ജോലിക്കുള്ള അപേക്ഷകളിൽ തീരവാസികളായ വാലന്മാർക്കും അരയന്മാർക്കും മുൻഗണന കൊടുത്തു് അവരെത്തന്നെ ആ ജോലികളിൽ ഏർപ്പെടുത്തി ആളുകളുടെ ഗതാഗതത്തിനു സൗകര്യമുണ്ടാക്കികൊടുക്കണമെന്നുള്ള ഈ ചെറിയ പ്രസ്താവന അങ്ങയുടെ ശ്രദ്ധയ്ക്കുവേണ്ടി അറിയിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. VARGHESE ITHAC (*Vaikom* cum *Kottayam*): എന്റെ സ്നേഹിതൻ മി. പി. എം. വർഗ്ഗീസിന്റെ ഉപക്ഷേപത്തെ വളരെ സന്തോഷത്തോടുകൂടിയാണ് അനുകൂലിക്കാൻ ഞാൻ നിർബന്ധിതനായി തീർന്നിരിക്കുന്നതു. ഏറ്റവും ദയനീയമായ, ലജ്ജാവഹമായ പരാജയത്തിൽ പി. ഡബ്ളിയു. ഡി. പോലെ മറ്റേതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറു എത്തിയിട്ടില്ലാ എന്നുള്ളതു് സംശയരഹിതമായ ഒരു പരമാർത്ഥമാണു്. ഈ രാജ്യത്തിലെ കൃഷിക്കും, കച്ചവടത്തിനും, വ്യവസായത്തിനും അത്യന്താപേക്ഷിതമായ റോഡുകളുടെ വികസനത്തിനും പോഷണത്തിനുംവേണ്ടി പി. ഡബ്ളിയു. ഡി. പ്രവർത്തിക്കുന്നതിനുപകരം ഏതാനും ചിലരുടെ ആവശ്യത്തിനുമാത്രം ഉപകരിക്കുന്ന ഏരോഡ്രോം, പെരുമ്പാണി തുടങ്ങിയ വേലകളിൽ മാത്രം ചീഫ ഇഞ്ചിനീയരും ഡിപ്പാർട്ടുമെൻറും ശ്രദ്ധ പതിപ്പിക്കുന്നതു് ഒരിക്കലും തൃപ്തികരമല്ല. ചീഫ് ഇഞ്ചിനീയർ അവർകളോടു പലപ്പോഴും പി. ഡബ്ളിയു. ഡി. അഡൈവസറിബോർഡിലെ മെംബറന്മാർതന്നെ പല ഗതാഗതമാർഗ്ഗങ്ങളും നന്നാക്കുന്നതിനുവേണ്ടി ആവശ്യപ്പെട്ടിട്ടുണ്ടു്. എന്നാൽ അതെല്ലാം അദ്ദേഹം ഗൗനിക്കാതെയാണിരുന്നിട്ടുള്ളതു്. ഈ രാജ്യത്തിലെ ഗതാഗതമാർഗ്ഗങ്ങൾ തുടങ്ങിയവ അദ്ദേഹം നേരിട്ടു സഞ്ചരിച്ചു കാണേണ്ടതാണെന്നു പലതവണ അദ്ദേഹത്തോടാവശ്യപ്പെട്ടിട്ടുണ്ടു് എന്നുള്ള വസ്തുതയും അങ്ങയോടു ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളട്ടെ. ഏതായാലും അദ്ദേഹത്തോടു ഒരു പരമാർത്ഥം പറയാനുണ്ടു്. ഡിപ്പാർട്ടുമെൻറിലെ കീഴുദ്യോഗസ്ഥന്മാർ അദ്ദേഹവുമായി വേണ്ടവിധം സഹകരിച്ചു പ്രവർത്തിക്കാത്തതുകൊണ്ടു ഈ രാജ്യത്തേക്കു ആവശ്യമുള്ള ജോലികൾ ഒട്ടുംതന്നെ നിവഹിക്കുവാൻ ഇപ്പോൾ ഡിപ്പാർട്ടുമെൻറിനു സാധിക്കാതെ വന്നിരിക്കുന്നു, എന്നാണല്ലോ അദ്ദേഹത്തിന്റെ പരാതി. എന്നാൽ അതിനു മറ്റൊരു കാരണവുംകൂടി ഉണ്ടെന്നുപറയാതെ തരമില്ല. ഇന്നത്തെ ഷെഡ്യൂൾറേറു് എന്നു മാറ്റിയേതീരൂ. അഡൈവസറിബോർഡുമൂലം ഞങ്ങൾ ശുപാർശ ചെയ്തിട്ടുള്ള റേറു് ഏങ്കിലും ഇന്നു കൂലിക്കാർക്കു വേതനമായി കൊടുക്കണം. അങ്ങനെ റിവൈസ്ഡ് റേറു് സ്വീകരിക്കുന്നപക്ഷം ധാരാളം പണികൾ നടത്താൻ കഴിയുമെന്നാണു് എന്റെ വിശ്വാസം.

PRESIDENT: Order, Order, What sort of percentage increase is in the mind of the honourable member?

MR. K. VARGHESE ITHAC : ഞങ്ങൾ ഫ്രം ടു ആണയാണു് അഡൈവസറിബോർഡിൽ ശുപാർശചെയ്തിട്ടുള്ളതു്. ഇന്നു് സാധാരണ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Varghese Ithac.]

ക്രൂലിക്കാക്കുപോലും നാട്ടുകാർ രണ്ടും രണ്ടരയും ക്രൂപാ ക്രൂലി കൊടുക്കുമ്പോൾ എന്തുകൊണ്ടാണു ഡിപ്പാർട്ടുമെൻറ് അങ്ങനെ ചെയ്യാത്തതെന്ന് എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു ഈ രാജ്യത്തു ക്ഷേമോന്മുഖമായ മറ്റു പ്രവർത്തനങ്ങൾ നടത്തുന്നതിന് എളുപ്പമുണ്ടാകത്തക്കവിധത്തിൽ ഇവിടത്തെ ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഇറിഗേഷൻ ജോലികൾ തുടങ്ങിയുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുവാൻ ഗവണ്മെൻറും ഡിപ്പാർട്ടുമെൻറും യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നപക്ഷം ഞാൻ മുൻപു പറഞ്ഞ രീതിയിൽ ക്രൂലിക്കാക്കു ക്രൂലി ക്രൂട്ടിക്കൊടുത്തും കീഴ് ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ജാഗ്രതയായി ജോലി ചെയ്യിച്ചും ഇവിടത്തെ പി. ഡബ്ളിയു. ഡി. വേലകൾ എല്ലാം ശരിക്കു നിർവഹിക്കുവാൻ ഏർപ്പാടു ചെയ്യേണ്ടതാണു്. ക്രൂലി റേറു് ക്രൂട്ടുന്നതിനു യാതൊരു കുഴികുഴിയും പറയത്തക്കതല്ല. ക്രൂലി ക്രൂട്ടിക്കൊടുക്കുന്നപക്ഷം ഫ്രീഡം-ടു ബഡ്ഡറിൽ കൊള്ളിച്ചിട്ടുള്ള വേലകൾ നടത്താൻ കഴിഞ്ഞില്ല എന്നുള്ള പരാതി മിക്കവാറും ഉണ്ടാകുകയില്ല എന്നാണു് എന്റെ വിശ്വാസം.

സർ, ഏതാനും ചില പ്രാദേശികാവശ്യങ്ങളെപ്പറ്റി ക്രൂടി പൂണ്ടിക്കാണിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. വൈക്കം താലൂക്കിൽ വൈക്കം-ഉല്പുണിത്തറ റോഡിൽ മുറിഞ്ഞപുഴയിലും പൂത്തോട്ടയിലും ഓരോ പാലം കെട്ടിക്കണമെന്നു് കഴിഞ്ഞകൊല്ലം ബഹുമാനപ്പെട്ട മെംബർ മി. വി. മാധവൻ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. മേൽ പറഞ്ഞ രണ്ടുസ്ഥലത്തും ഓരോ പാലം ഉണ്ടായിരിക്കേണ്ട അത്യാവശ്യത്തെപ്പറ്റി ഒന്നിലധികം മെമ്പറന്മാർ ഇതിനു മുൻപും ഇവിടെ പ്രസ്താവിക്കയുണ്ടായിട്ടുണ്ടു്. അതേസംബന്ധിച്ചു് ഡിപ്പാർട്ടുമെൻറ് ഗൗനിക്കുകയും കഴിഞ്ഞ കൊല്ലം ചീഫ് ഇൻജിനീയർ ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ടു സമർപ്പിക്കാമെന്നു് പറയുകയും ചെയ്തു. എന്നാൽ ഇപ്പോൾ യാതൊരു ആവശ്യവുമില്ലാത്ത ഒരു സ്ഥലത്തു, അതായതു് മുറിഞ്ഞപുഴ-പൂത്തോട്ടറോഡുകളുടെ നാലു മൈൽ കിഴക്കുള്ള ഒരു സ്ഥലത്തു, പാലം പണിയുന്നതിനുള്ള തുക ബഡ്ഡറിൽ കൊള്ളിച്ചിരിക്കുന്നതായി കാണുന്നു. ഇതു് എങ്ങിനെ സംഭവിച്ചു എന്നു എനിക്കു നിശ്ചയമില്ല. ഞാൻ മുൻപു പറഞ്ഞ മുറിഞ്ഞപുഴ—പൂത്തോട്ടപാലത്തിന്റെ പണി എത്രയും വേഗം നടത്തുവാൻ ഡിപ്പാർട്ടുമെൻറ് ശ്രദ്ധിക്കേണ്ടതാണു്. അല്ലെങ്കിൽ ഗുരുവായൂരമ്പലമായ ഒരു ഉദാസീനതയായി അതു പരിണമിക്കും.

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം—കുമരകം റോഡ് വെച്ചൂർവഴി വൈക്കത്തേക്ക് നീട്ടുവാനുള്ള പണികൾ നടന്നുവരുന്നുണ്ട്. പ്രസ്തുത റോഡ് പൂർത്തിയാക്കുമ്പോൾ കോട്ടയത്തുനിന്നും വൈക്കത്തേക്കുള്ള ഇപ്പോഴുള്ള ദൂരത്തിൽ ആറു മൈൽ ദൂരം കുറഞ്ഞുകിട്ടും. കോട്ടയം, വൈക്കം മുതലായ താലൂക്കുകൾക്ക് കൊച്ചി ഹാർബറുമായുള്ള സമ്പർക്കത്തിനു അതു കൂടുതൽ ഉപകരിക്കുമെന്നു ഗവൺമെൻറിനെ ഇതിനുമുമ്പും പല തവണ ഉൽബോധിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ഈ ഉൽബോധനങ്ങൾക്കു ഗവൺമെൻറ് യാതൊരു പരിഗണനയും നൽകാതെ അത്യാവശ്യമല്ലാത്ത വെട്ടിക്കോട്ട മുക്കുപാലം നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുകാണുന്നതു അത്യന്തം ഖേദകരമായിരിക്കുന്നു.

മറെറാന്നു വൈക്കം–വടയാർ റോഡിൻെറ കാര്യമാണ്. വൈക്കം മഹാക്ഷേത്രത്തിൻെറ കിഴക്കേ ഗോപുരത്തിൽനിന്നും വടയാറേക്കുള്ള ഈ റോഡിനു രണ്ടര മൈൽ നീളമേയുള്ളൂ. വൈക്കത്തുനിന്നും വടയാറേക്കും വടയാറുനിന്നും വൈക്കത്തേക്കും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ആളുകളുടെ യാത്രാക്ലേശങ്ങളെപ്പറ്റി പലപ്പോഴും ചീഫ് എൻജിനീയരുടെ അടുക്കൽ പരാതിപ്പെട്ടിട്ടുണ്ട്. യാതൊരു ഫലവും ഉണ്ടായിട്ടില്ല. ചീഫ് എൻജിനീയർ വൈക്കത്തു വന്ന അവസരത്തിൽ ഇതേപ്പറ്റി വീണ്ടും പരാതിപ്പെടുകയും ഉടൻതന്നെ അതിനു പരിഹാരം ഉണ്ടാക്കാമെന്നു അദ്ദേഹം മറുപടി പറയുകയും ചെയ്തു. എന്നാൽ ഇന്നുവരെ യാതൊന്നും നടന്നിട്ടില്ല. നടക്കുമെന്നു വിശ്വസിക്കുവാൻ മാർഗ്ഗവും കാണുന്നില്ല. ഇപ്പോൾ വെള്ളത്തിൽക്കൂടി നീന്തിയും ചെളിയിൽക്കൂടി ഇഴഞ്ഞുമാണു ജനങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതു. അനവധി സ്കൂൾ കുട്ടികൾ ആ വഴി വന്നും പോയുമിരിക്കുന്നു. ഇക്കാര്യത്തിലും ഡിപ്പാർട്ടുമെൻറ് അവശ്യമായി ശ്രദ്ധിക്കണം.

വേറൊന്നു കോട്ടയത്തു കല്ലുമടനിന്നും അയ്മനംവഴി വെച്ചൂർക്കു പോകുന്ന റോഡാണ്. അയ്മനത്തു താമസിക്കുന്നവർക്കു ഈ റോഡ് ഉണ്ടാകേണ്ടതു വളരെ പ്രധാനപ്പെട്ട ഒരാവശ്യമാകുന്നു. വളരെയധികം ജനങ്ങൾ അത്യന്താപേക്ഷിതവും പ്രവൃത്യുന്മുഖവുമായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമാണു അയ്മനം.

PRESIDENT: Which is that road?

MR. K. VARGHESE ITHAC : കോട്ടയത്തുനിന്നും കല്ലുമട-കല്ലുങ്കത്തറ കൂടി അയ്മനംവഴി പോകുന്ന റോഡിനെപ്പറ്റിയാണ് ഞാൻ പറഞ്ഞതു. ഈ റോഡ് തീർത്തുകൊടുക്കേണ്ട ആവശ്യത്തെപ്പറ്റി അനവധി നിവേദനങ്ങളും അപേക്ഷകളും കൊടുത്തിട്ടുണ്ടെങ്കിലും അവയ്ക്കൊന്നിനും യാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Vargese Ithac.]

തൊരു മറുപടിപോലും ഇതുവരെ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിലും ഡിപ്പാർട്ടുമെൻറിന്റെ സത്വരവും അടിയന്തിരവുമായ ശ്രദ്ധ പതിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. G. PARAMESWARAN PILLAI : ശ്രീമാൻ വറുഗീസ് അവർകൾ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. പൊതുമരാമത്തുവകുപ്പിന്റെ ചാർജ്ജു ഇന്നത്തെ ചീഫ് എൻജിനീയർ ഏറ്റെടുത്തതിനു ശേഷം ഇവിടെ ഒരു ഇഞ്ചു റോഡുപോലും പുതിയതായി ഉണ്ടായിട്ടില്ലെന്നുമാത്രമല്ല, ഉണ്ടായിരുന്ന റോഡുകളിൽ പലതും സഞ്ചാരയോഗ്യമല്ലാതെയും റോഡ് എന്നുള്ള പേരുപോലും അർഹിക്കാത്ത വിധത്തിലും മലിനപ്പെട്ടുപോയിരിക്കുന്നു. തിരുവിതാംകൂറിലെ മദ്ധ്യപ്രദേശവും കടൽപ്പുറവുമായി സംയോജിപ്പിക്കുവാൻ കഴിയുന്ന ഏക റോഡാണ് തിരുവല്ലാ—അമ്പലപ്പുഴറോഡ്. അതിന്റെ പണിയുടങ്ങിയിട്ട് കാലം എത്രയോ ആയി. അതിന്റെ പണി പൂർത്തിയാക്കുവാൻ ഗവണ്മെൻറ് ഇപ്പോഴും അലസതകാണിച്ചുവരുന്നു എന്നു കാണുന്നതു് ഏറ്റവും പരിതാപകരമായ ഒരു കാര്യമാണ്. ഈ വിധത്തിൽ രണ്ടു കൊല്ലങ്ങൾക്കുടിക്കഴിഞ്ഞാൽ ഇപ്പോൾ റോഡായിക്കിടപ്പുള്ള ഭാഗംകൂടി നിശ്ശേഷം ഉപയോഗശൂന്യമായി പോകുവാനാണിടയുള്ളതു്.

അതുപോലെതന്നെ, ഈ രാജ്യത്തെ വ്യാവസായികവും വാണിജ്യപരവുമായ ഉൽക്കർഷത്തിനു ഒരു പ്രധാനകേന്ദ്രമായി നിലകൊള്ളുന്ന ആലപ്പുഴ പട്ടണത്തിലെ സ്ഥിതി ഏറ്റവും ശോചനീയമയമാണ്. വ്യാവസായികവാണിജ്യാഭിവൃദ്ധി രാജ്യത്തെ ഗതാഗതസൗകര്യങ്ങളെ ആസ്പദമാക്കിയാണ് നിൽക്കുന്നതെന്ന വസ്തുത ഞാൻ പ്രത്യേകം പറയേണ്ടതായിട്ടില്ലല്ലൊ. ആലപ്പുഴ പട്ടണം തിരുവിതാംകൂറിലെ വാണിജ്യവും വ്യവസായപരവും ആയുള്ള കാര്യങ്ങളിൽ കേന്ദ്രസ്ഥാനം അർഹിക്കുന്നു. അവിടെ ഇതര സ്ഥലങ്ങളിൽനിന്നും കൂടിൽവ്യവസായപരമായിരിക്കുന്ന സാധനങ്ങൾ കൊണ്ടുവരുന്നതിനു ആവശ്യമായ ഗതാഗതസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിന് ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചേർത്തലതാലൂക്കു കയർ വ്യവസായത്തിന്റെ ഒരു കേന്ദ്രസ്ഥാനമാണ്. അവിടെനിന്നും കയർ മറ്റു സാധനങ്ങളായി രൂപാന്തരപ്പെടുത്തി ആലപ്പുഴയിൽ കൊണ്ടുവരുന്നു ധാരാളമായി വ്യാപാരം നടത്തുന്നുണ്ട്. കഴിഞ്ഞ നിയമസഭാസമ്മേളനകാലത്തു് ഈ വ്യാപാരത്തിന്റെ അഭിവൃദ്ധിയെക്കുടി ചൂണ്ടിക്കാണിച്ചുകൊണ്ടു് ആലപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly

ചേത്തല തോടിന്റെ പണി എത്രയും വേഗത്തിൽ പൂർത്തിയാക്കണമെന്ന് ഞങ്ങളിൽ പലരും ഇവിടെ പറയുകയുണ്ടായി. എന്നാൽ ഇന്ന് ഇപ്പോൾ തോടായികിടക്കുന്ന ഭാഗം തീരങ്ങളിൽ താമസിക്കുന്ന വർക്ക് ഉപദ്രവം ഉണ്ടാക്കിക്കൊടുക്കുന്നതിനും, പരിസരങ്ങളിലുള്ള ഭൂമിയെ മരുഭൂമിയുടെ തുല്യമാക്കിത്തീർക്കുന്നതിനും മാത്രമേ ഉപകരിക്കുന്നുള്ളൂ. അല്പംപോലും വ്യവസായികാംശം അതുകൊണ്ടു യാതൊരു ഉപയോഗവുമില്ല; ഗതാഗതത്തിനു യോഗ്യവുമല്ല. ആ തോടിന്റെ പണി എത്രയുംവേഗത്തിൽ പൂർത്തിയാക്കി കൊടുക്കേണ്ടതു ഗവണ്മെൻറ് അടിയന്തിരമായി ചെയ്യേണ്ട ഒരു കാര്യമാണ്.

തണ്ണീർമുക്കം ചേത്തലറോഡു, ആലപ്പുഴ മുഹമ്മറോഡു, മുഹമ്മ തണ്ണീർമുക്കംറോഡ് ഇവകളും ഇപ്പോഴും പൂരത്തിയാക്കാതെ ഇട്ടിരിക്കുന്നതു് വ്യാവസായികമായ ഒരു പരാജയം തന്നെയാകുന്നു. തണ്ണീരമുക്കത്തുനിന്നും മുഹമ്മവരെയും മുഹമ്മയിൽനിന്നും ചേത്തലവരെയുമുള്ള റോഡുകൾകൂടി എത്രയുംവേഗത്തിൽ പൂർത്തിയാക്കിക്കൊടുക്കേണ്ടതു അവിടത്തെ വ്യവസായത്തിനു അത്യന്താപേക്ഷിതമായിട്ടാണിരിക്കുന്നതു. കണിച്ചുകുളങ്ങര ഒറപ്പുന്നറോഡും ചേത്തല തണ്ണീർമുക്കംറോഡും, മുഹമ്മ തണ്ണീർമുക്കംറോഡും ഒന്നോ രണ്ടോ പാലങ്ങളും കലുങ്കുകളും തീർക്കുന്നപക്ഷം വ്യാവസായികമായി വളരെ പ്രയോജനപ്പെടുന്നതാണ്.

SAHIB BAHADUR P. S. MOHAMED: ആലപ്പുഴ ടൗണിലെ റോഡുകളുടെസ്ഥിതിയെപ്പറ്റി ബഹുമാനപ്പെട്ട മെമ്പറിന്റെ അഭിപ്രായമെന്ത്?

MR. G. PARAMESWARAN PILLAI: ആലപ്പുഴ ടൗണിലുള്ള റോഡുകളുടെ സ്ഥിതിയെപ്പറ്റി മുനിസിപ്പൽ അധികാരികൾ ഗവണ്മെൻറിലേക്കു ചില നിർദ്ദേശങ്ങൾ അയച്ചിരിക്കുന്നതായും ഗവണ്മെൻറ് അതിനെപ്പറ്റി ആലോചിച്ചുവരികയാണെന്നു് ഒരു ചോദ്യത്തിനു മറുപടി പറഞ്ഞതായും എനിക്കു അറിയാൻ കഴിഞ്ഞതുകൊണ്ടു അവിടത്തെ റോഡുകളെല്ലാം യഥാകാലം നന്നാക്കിക്കൊള്ളുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ അതിനെപ്പറ്റി ഒന്നും സംസാരിക്കാതിരുന്നതാണ്.

സർ, ഇന്നത്തെ ചീഫ് എൻജിനീയർ ഇവിടെ വന്നതോടുകൂടി ഇവിടത്തെ ഗതാഗതസൗകര്യങ്ങൾ അധഃപതിച്ചുവരുകയാണു ചെയ്യുന്നതെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. അദ്ദേഹം വളരെ സമർത്ഥനാണെന്നു ഇവിടെ പലരും പുകഴ്ത്തുകയുണ്ടായി എങ്കിലും ആ

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Parameswaran Pillai.]

സാമത്ഥ്യം പ്രവൃത്തിരൂപത്തിൽ ഇതുവരെ കാണുവാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹവും അദ്ദേഹത്തിന്റെ കീഴ്സിൽബന്ധികളുമായി ചില സൗന്ദര്യപ്പിണക്കങ്ങൾ ഉള്ളതായി ചീഫ് എൻജിനീയർ അവർകളും അദ്ധ്യക്ഷനവർകളും ഇവിടെ സൂചിപ്പിക്കയുണ്ടായി. ആ വക പിണക്കങ്ങൾക്കു പരിഹാരം ഉണ്ടാക്കുവാൻ അങ്ങേയ്ക്ക് സാധിയ്ക്കുകയില്ലെ എന്നു ചോദിക്കുന്നു. ചീഫ് എൻജിനീയർ അവരകൾക്ക് എതിരായ ഒരു ക്രൂട്ടുകെട്ട് അദ്ദേഹത്തിന്റെ കീഴ്സിൽബന്ധികൾക്കുണ്ടെന്നു പറയുന്നതു വാസ്തവമാണെങ്കിൽ അതു അദ്ധ്യക്ഷനവർകൾക്കു മാറ്റത്തക്കതേയുള്ളൂ എന്നാണ് എന്റെ വിശ്വാസം.

PRESIDENT: Honourable member may do so.

MR. G. PARAMESWARAN PILLAI: ഏതെങ്കിലും ഒരു പദ്ധതി നടപ്പിൽ കൊണ്ടുവരുവാൻ തീരുമാനിക്കുമ്പോൾതന്നെ അതു നടത്തുവാൻ ധൃതിക്കൂട്ടാതെ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രദേശം ഏതു ഡിവിഷനിൽപ്പെട്ടതാണെന്ന് മനസ്സിലാക്കി ആ ഡിവിഷനിലെ ആഫീസർ, സബ്ഡിവിഷൻ ആഫീസർ, സെക്ഷൻ ആഫീസർ, ചീഫ് എൻജിനീയർ, എന്നിവരെ വരുത്തി അങ്ങ് ഒരു കാൺഫെറൻസ് നടത്തി പ്രവൃത്തിപദ്ധതി അംഗീകരിക്കയും, അതിനുശേഷം മാത്രം പ്രവൃത്തിപ്പിക്കയും ചെയ്യുന്നതു കാര്യക്ഷമതയുള്ള നടപടിയായിരിക്കും. അല്ലാതെ പദ്ധതികൾ നടപ്പിലാക്കാൻ ആവേശം കൊണ്ടതുകൊണ്ടു പ്രയോജനമില്ല.

PRESIDENT: Order, order. With a view to facilitate further discussion, this aspect of the matter might be clarified. Government propose to request the Public Works Department Advisory Committee to indicate all the work in this year's Budget and the order in which they should like to have them taken up and completed during the year. The Chief Engineer will indicate his point of view and Government will pass orders and issue the approved final list of works which they expect to be carried out this year. The order in which these works should be taken up will also be published and any one who is responsible for not carrying out that work within the year will be dealt with officially.

MR. G. PARAMESWARAN PILLAI: അങ്ങു ഇപ്പോൾ നിർദ്ദേശിച്ചതു പ്രവർത്തനരൂപത്തിൽ കൊണ്ടുവരുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ആ ഭാഗത്തെപ്പറ്റി കൂടുതലായൊന്നും പറയുന്നില്ല. ഞാൻ മുൻപു പറഞ്ഞതുപോലെ തിരുവിതാംകൂറിന്റെ മദ്ധ്യപ്രദേശവും സമുദ്രതീരപ്രദേശവും തമ്മിൽ സംയോജിപ്പിക്കുന്ന അമ്പലപ്പുഴ തിരുവല്ലാ

LIBRARY ARCHIVES Kerala Legislative Assembly

റോഡും, ആലപ്പുഴയിൽ നടക്കുന്ന വാണിജ്യത്തേയും അഭിവൃദ്ധിപ്പെട്ടത്താൻ ഉപകരിക്കുന്ന ഇതര റോഡുകളും ആലപ്പുഴ ചേർത്തല തോട്ടം എന്നിവയും വേഗത്തിൽ പൂർത്തിയാക്കി ആലപ്പുഴപട്ടണത്തിലെ വ്യവസായവാണിജ്യസംരക്ഷണങ്ങളെ പുരോഗമിപ്പിക്കണമെന്നപേക്ഷിക്കുന്നു.

മി. പി. എം. വറുഗീസ് ഡിപ്പാർട്ടുമെൻറിന്റെ സ്ഥാനത്തകർക്ക് ഇന്നത്തെ ചീഫ് എൻജിനീയർ ഉത്തരവാദിയാണെന്നും അതുകൊണ്ടു അദ്ദേഹത്തെ എന്നിയും വേഗത്തിൽ ഇവിടെനിന്നും പറഞ്ഞയക്കേണ്ടതാണെന്നും പ്രസ്താവിക്കയുണ്ടായി. ഞാൻ അതിനോടു വിയോജിക്കുന്നു. മി. ചാഴിക്കാട്ടു ജോസഫിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ അദ്ദേഹം ഒരു യുവവൃദ്ധനാണ്. അദ്ദേഹത്തെ അതുകൊണ്ടു ഇവിടെനിന്നും അതിവേഗത്തിൽ പറഞ്ഞയക്കരുതു്. അദ്ദേഹം ഇവിടെ ഉണ്ടെങ്കിൽ ധാരാളംഎണ്ണയും കഴമ്പും ചെലവാകും. ഒരു കാറിന് കയറി പത്തുനാഴിക സഞ്ചരിക്കുന്നതിനു ഇടക്കിടെ ധനപ്രഭാ മുക്കുട്ടു ഉടനേ വാങ്ങിക്കാതെ ഒക്കുകയില്ല എന്നു ഞാൻ പറയുമ്പോൾ, ഈ നാട്ടിലെ റോഡുകളുടെ യഥാർത്ഥസ്ഥിതി മനസ്സിലാക്കുവാൻ സാധിക്കുമല്ലോ.

MR. V. K VELAPPAN NAIR : സർ, മി. പി. എം. വറുഗീസ് അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നു. അതിരറ്റ ശുഭപ്രതീക്ഷയോടുകൂടി അവസാനിച്ച കഴിഞ്ഞകൊല്ലത്തെ പൊതുമരാമത്തു ബഡ്ജറ്റു വിമർശനം ഇത്രയും ക്ഷോഭം ഉളവാക്കത്തക്ക ഒരു പരിതഃസ്ഥിതിയിൽ എത്തിച്ചേർന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. ആലുവാ ഡിവിഷനിൽ ഓൺജോലികൾ ബഡ്ജറിൽ കഴിഞ്ഞകൊല്ലം ഉൾപ്പെടുത്തിയിരുന്നതിൽ ൪ എണ്ണം മാത്രമാണു് പൂർത്തിയാക്കുന്നതിനു സാധിച്ചിട്ടുള്ളതു് എന്നു് കഴിഞ്ഞദിവസം ചോദിച്ച ഒരു ചോദ്യത്തിനു ഉത്തരം കിട്ടിയതായി ചീഫ് എഞ്ചിനീയർ പ്രസ്താവിച്ചു. ബാക്കി ൭൫ ജോലികൾ ആരംഭിക്കാതെ വിടേണ്ടിവന്നു എന്നുള്ള വസ്തുത ഏറ്റവും പരിതാപകരമാണു്. ബഡ്ജറിൽ ജോലികൾക്കു പണം ഉൾപ്പെടുത്തുമ്പോൾ അവയ്ക്കു വേണ്ടിവരുന്ന ചെലവിനെ സംബന്ധിച്ചു് ഒരു എസ്റ്റിമേറു തയാറാക്കുന്ന പതിവു ഇല്ലെന്നും അദ്ദേഹം പ്രസ്താവിക്കുന്നതായി കേട്ടു. ഒരു ജോലിക്കുള്ള പണം ബഡ്ജറിൽ ഉൾപ്പെടുത്തുമ്പോൾ ആ ജോലിക്കായി ഗവണ്മെൻറു് മുതലാപ്പെടുത്തുന്ന വ്യയത്തിന്റെ സ്വരൂപം മനസ്സിലാക്കാതെ ഏർപ്പെടുന്നു എന്നുള്ളതു ഏറ്റവും ആക്ഷേപകരമാണു്. ഉദാഹരണമായി പറയുകയാണെങ്കിൽ ഇപ്പോൾ മി. വറുഗീസ് ഇത്താക്കു് ഇവിടെ പ്രസ്താവിച്ചതുപോലെ വെട്ടിക്കാട്ടുമുക്കു

LIBRARY ARCHIVES Kerala Legislative Assembly

പാലത്തിനു ഫ ഒ ഒ-ലെ ബഡ്ജറിൽ ഫ ൦ ൦ ൦ രൂപാ കൊള്ളിച്ചിരിക്കുന്നതായി കാണുന്നു. ആ പാലം ഒരു പ്രധാനപ്പെട്ട പാലമാണ്. അങ്ങിനെയുള്ള ഒരു ജോലിക്കു ഗവണ്മെൻറ് വ്യയം ചെയ്യുന്ന ഒരു സംഖ്യ എത്രയാണെന്നു കണ്ടുപിടിക്കുമായി അറിയുന്നതിനുമുൻപു ഒരു സംഖ്യ ബഡ്ജറിൽ ഉൾപ്പെടുത്തിയിരിക്കുന്നതു വാസ്തവത്തിൽ അനുക്ഷേപാർഹമാണ്. പി. ഡബ്ലിയു. ഡി. അഡ്വൈസറി കമ്മിറ്റിയുടെ അറിവോടുകൂടിയല്ല ഈ തുക കൊള്ളിച്ചിരിക്കുന്നതെന്നാണ് ഞാൻ അറിയുന്നതു്.

